നം.കെ.എസ്.എ.പി.റ്റി.എ./പി **13/215/17** തീയതി : **15/04/20017**

പത്തനംതിട്ട ജില്ലയിലെ പറക്കോട് ബ്ലോക്ക് പഞ്ചായത്തിന്റെ 2015-16 സാമ്പത്തിക വർഷത്തെ ധനകാര്യ പത്രികയിന്മേലുള്ള ഓഡിറ്റ് റിപ്പോർട്ട്

*(1994-ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം 13-ാം വകുപ്പ്, 1994-ലെ കേരള പഞ്ചായത്ത് രാജ് നിയമം215(4)-ാം വകുപ്പ് ,1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18 എന്നിവ പ്രകാരം പുറപ്പെടുവിക്കുന്നത്)*

പറക്കോട് ബ്ലോക്ക് പഞ്ചായത്തിന്റെ 2015-16സാമ്പത്തിക വർഷത്തെ വരവു ചെലവു കണക്കുകൾ ഓഡിറ്റിന് വിധേയമാക്കുകയുണ്ടായി. അധികാര വികേന്ദ്രീകരണത്തിന്റെ ഭാഗമായി അനുവദിച്ച കിട്ടിയ പദ്ധതി വിഹിതം, മെയിന്റനൻസ് ഗ്രാന്റ്, കേന്ദ്രാവിഷ്കൃത പദ്ധതി വിഹിതം, സംസ്ഥാനാവിഷ്കൃത പദ്ധതി വിഹിതം, മറ്റ ഏജൻസികളിൽ നിന്നുള്ള ധനസഹായം, വിവിധ വകപ്പുകളിലൂടെ ലഭ്യമായ അംശദാനങ്ങൾ എന്നിവയും പരിശോധനയ്ക്ക് വിധേയമാക്കുകയുണ്ടായി.

ബ്ലോക്ക് പഞ്ചായത്ത് 01.08.2016 മുതൽ 30/01/2017 വരെ വിവിധ ഇനങ്ങളിലായി നടത്തിയ പണം പിരിവ്, അവയുടെ ഒടുക്ക്, വിവിധ അക്കൗണ്ടുകളിൽ നിന്നുള്ള പണം പിൻവലിക്കലുകൾ എന്നിവയും പരിശോധിച്ചു.

ഓഡിറ്റിൽ കണ്ടെത്തിയ അപാകതകൾ അതത് സമയം ഓഡിറ്റ് അന്വേഷണക്കുറിപ്പു കളിലൂടെ ബ്ലോക്ക് പഞ്ചായത്തിന്റെ ശ്രദ്ധയിൽപ്പെടുത്തിയിട്ടുണ്ട്. 8അന്വേഷണക്കുറിപ്പുകൾ നൽകിയതിൽ 7 എണ്ണത്തിന് മറുപടി ലഭിച്ചിട്ടുണ്ട്. ഓഡിറ്റ് പരാമർശങ്ങൾക്ക് ലഭിച്ച മറുപടി പരിഗണിച്ച ശേഷം പ്രധാനപ്പെട്ട നിരീക്ഷണങ്ങൾ മാത്രമാണ് ഓഡിറ്റ് റിപ്പോർട്ടിൽ ചേർത്തിരിക്കുന്നത്. ഈ റിപ്പോർട്ടിൽ ഉൾപ്പെടാത്ത ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിന്മേലുള്ള തുടർനടപടികൾ ബ്ലോക്ക് പഞ്ചായത്ത് സ്വീകരിക്കേണ്ടതാണ്.

സ്ഥാപനത്തിൽ നിന്നു ലഭ്യമായ രജിസ്റ്ററുകളുടേയും രേഖകളുടേയും വിവരങ്ങളുടേയും വിശദീകരണത്തിന്റേയും അടിസ്ഥാനത്തിലാണ് ഈ റിപ്പോർട്ട് തയ്യാറാക്കിയിരിക്കുന്നത്. സ്ഥാപനം നൽകിയ തെറ്റായ വിവരത്തിന്റെയോ ലഭ്യമാക്കാത്ത വിവരത്തിന്റെയോ കാര്യത്തിൽ കേരള സംസ്ഥാന ഓഡിറ്റ് വകുപ്പിന് യാതൊരു ഉത്തരവാദിത്തവുമുണ്ടായിരിക്കുന്നതല്ല.

| | | |
|---|---|---|
| ഓഡിറ്റ് നടത്തുന്നതിന് ചുമതലപ്പെട്ട ഉദ്യോഗസ്ഥന്റെ പേരും ഉദ്യോഗപ്പേരും | : | ശ്രീ.പി.പി. സുരേഷ് കമാർ<br>സീനിയർ ഡെപ്യൂട്ടി ഡയറക്ടർ |

ഓഡിറ്റ് നടത്തിയതിന്റെ വിവരം

| ഓഡിറ്റിന് വിനിയോഗിച്ച സമയം | ഓഡിറ്റ നടത്തിയ ഉദ്യോഗസ്ഥരുടെ പേര് വിവരം |
|---|---|
| 20.02.2017<br>മുതൽ<br>27.02.2017<br>വരെ | ശ്രീ. അനിൽകുമാർ.സി, ഓഡിറ്റ് ഓഫീസർ (ഹ.ഗ്രേ.)<br>ശ്രീമതി സൂര്യപ്രഭ.പി.സി, അസിസ്റ്റന്റ് ഓഡിറ്റ് ഓഫീസർ<br>ശ്രീ. അരുൺ.പി.ബി, സീനി.ഗ്രേഡ് ഓഡിറ്റർ<br>ശ്രീമതി രാജശ്രീ.സി.ആർ, ഓഡിറ്റർ |

നിർവ്വഹണാധികാരികൾ

| | | |
|---|---|---|
| പ്രസിഡന്റ് | : | ശ്രീമതി കെ.വിജയമ്മ (01-04-2015 മുതൽ 01-11-2015 വരെ)<br>ഭരണ നിർവ്വഹണ സമിതി (02-11-2015 മുതൽ 18-11-2015 വരെ)<br>ശ്രീമതി സൗദാരാജൻ (19-11-2015 മുതൽ 31-03-2016 വരെ) |
| സെക്രട്ടറി | : | ശ്രീ.കെ.തങ്കപ്പൻ (01-04-2015 മുതൽ 30-04-2015വരെ)<br>ശ്രീ.യോഗീദാസൻ.എസ്. (01-05-2015 മുതൽ 07-05-2015 വരെ)<br>ശ്രീമതി രശ്മിമോൾ.കെ. (08-05-2015 മുതൽ 26-09-2015 വരെ)<br>ശ്രീ. കെ.തുളസീധരൻ (27-09-2015 മുതൽ 07-10-2015 വരെ)<br>ശ്രീ.എ.കെ.തോമസ് (08-10-2015 മുതൽ 02-12-2015 വരെ)<br>ശ്രീ.പ്രസന്നൻ പിള്ള.ഡി (03-12-2015 മുതൽ 25-12-2015 വരെ)<br>ശ്രീ.എസ്.അശോകൻ (26-12-2015 മുതൽ 31-03-2016 വരെ) |

റിപ്പോർട്ടിന്റെ ഉള്ളടക്കം.

ഈ റിപ്പോർട്ടിൽ നാലു ഭാഗങ്ങൾ ഉൾക്കൊള്ളിച്ചിട്ടുള്ളതും ഓരോ ഭാഗത്തിലും താഴെ കൊടുത്തിരിക്കുന്ന വിവരങ്ങൾ ചേർത്തിട്ടുള്ളതുമാണ്.

ഭാഗം 1 : പൊതു അവലോകനം

ഓഡിറ്റിന്റെ ശ്രദ്ധയിൽപ്പെട്ട പൊതുവായ വിവരങ്ങളുടെ അവലോകനവും നിർദ്ദേശങ്ങളും.

ഭാഗം 2 : വരവു കണക്കുകളിന്മേലുള്ള ഓഡിറ്റ് നിരീക്ഷണങ്ങൾ

രസീതു പരിശോധനയിലും പഞ്ചായത്തിന്റെ വരവ് ഇനങ്ങളുടെ ഓഡിറ്റിലും കണ്ടെത്തിയ അപാകതകൾ, ക്രമക്കേടുകൾ, മറ്റ് ഓഡിറ്റ് നിരീക്ഷണങ്ങൾ.

ഭാഗം 3 : ചെലവു കണക്കുകളിന്മേലുള്ള ഓഡിറ്റ് നിരീക്ഷണങ്ങൾ

പഞ്ചായത്തിന്റെ ചെലവ് കണക്കുകളുടെ ഓഡിറ്റിൽ കണ്ടെത്തിയ അപാകതകൾ, ക്രമക്കേടുകൾ, മറ്റ് ഓഡിറ്റ് നിരീക്ഷണങ്ങൾ.

ഭാഗം 4 : ധനസ്ഥിതി വിവരണവും ഓഡിറ്റ് പ്രത്യവലോകനവും

സാമ്പത്തിക നില, ഓഡിറ്റ് പ്രത്യവലോകനം എന്നിവ.

അനുബന്ധം

1. ഓഡിറ്റ് സർട്ടിഫിക്കറ്റ്
2. ബാലൻസ് ഷീറ്റ് - 2015-16
3. ഇൻകം ആന്റ് എക്സ്പെൻഡിച്ചർ സ്റ്റേറ്റ്മെന്റ് - 2015-16
4. റെസീപ്റ്റ് ആന്റ് പേയ്മെന്റ് സ്റ്റേറ്റ്മെന്റ് -2015-16

സൂചിക


| ക്രമ നം | വിഷയം | ഖണ്ഡിക നമ്പർ |
|---|---|---|
| | ഭാഗം 1 | |
| 1 | ബജറ്റ് | 1-1 |
| 2 | വാർഷിക ധനകാര്യപത്രിക | 1-2 |
| 3 | ആഭ്യന്തരനിയന്ത്രണം | 1-3 |
| 4 | സാമ്പത്തിക വിശകലനം | 1-4 |
| 5 | ഫണ്ട് വിനിയോഗം | 1-5 |
| 6 | പദ്ധതി അവലോകനം | 1-6 |
| 7 | മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം | 1-7 |
| | ഭാഗം 2 | |
| 8 | ഇ ടെണ്ടർ ടെണ്ടർ ഫീസ് - ബ്ലോക്ക് പഞ്ചായത്തിന് ലഭിക്കാനുള്ളത് 1.91 ലക്ഷം രൂപ | 2-1 |
| | ഭാഗം 3 | |
| 9 | പ്രോജക്ട് നിർവ്വഹണത്തിൽ വീഴ്ച- ബ്ലോക്ക്പഞ്ചായത്തിന് നഷ്ടമായത് 2.80 കോടി രൂപ | 3-1 |
| 10 | വികസനഫണ്ട്(ജനറൽ) -പ്രോജക്ടുകൾക്ക് വകയിരുത്തിയതിൽ കുറവ് വന്നത് 44.74രൂപ | 3-2 |
| 11 | വികലാംഗക്ഷേമ കോർപ്പറേഷന് 21.45ലക്ഷം രൂപ നൽകി മാസങ്ങൾ കഴിഞ്ഞിട്ടും സൈഡ് വീലുള്ള സ്കൂട്ടർ ലഭ്യമാക്കിയില്ല | 3-3 |
| 12 | സംയുക്ത പ്രോജക്ടുകൾക്കായി ഗ്രാമപഞ്ചായത്തുകൾക്ക് നൽകിയ 14.06 ലക്ഷം രൂപ നഷ്ടമായി | 3-4 |
| 13 | വ്യവസായ വികസന ഓഫീസിലേക്ക് വാങ്ങിയ ഉപകരണങ്ങൾ ബ്ലോക്ക്പഞ്ചായത്ത് ഉപയോഗിക്കുന്നു | 3-5 |
| 14 | വനിതാ ഗ്രൂപ്പുകൾക്ക് ജൈവ പച്ചക്കറികൃഷി-പദ്ധതി നിർവ്വഹണത്തിലെ അപാകതകൾ | 3-6 |
| 15 | ഐ.എ വൈ ഭവന പദ്ധതി- നാളിതുവരെ നിർമ്മാണം പൂർത്തിയാക്കാത്ത ഭവനങ്ങൾ 206 | 3-7 |
| 16 | പത്രപ്പരസ്യം -അർഹമായ ഡിസ്കൗണ്ട് നേടിയെടുക്കുന്നില്ല | 3-8 |
| 17 | ഗുണഭോക്തൃ സമിതി ഏറ്റെടുത്ത പ്രവൃത്തി നടപ്പാക്കിയില്ല | 3-9 |
| 18 | നിർമ്മാണ തൊഴിലാളി ക്ഷേമനിധി വിഹിതം കൈപ്പറ്റിയതിന്റെ ഔദ്യോഗിക രസീതില്ല | 3-10 |
| 19 | കരാറുകാർ വാറ്റ് ബാധ്യത സർട്ടിഫിക്കറ്റ് ഹാജരാക്കുന്നില്ല | 3-11 |
| 20 | മണ്ണടി വേലുത്തമ്പി സ്മാരക വളപ്പിൽ ടോയിലറ്റ് നിർമ്മാണം - പ്രത്യേക ഉത്തരവ് ഇല്ലാതെ ബ്ലോക്ക് പഞ്ചായത്ത് പ്രോജക്ട് ഏറ്റെടുത്തത് ക്രമ വിരുദ്ധം | 3-12 |
| 21 | കമ്മ്യൂണിറ്റി ഹെൽത്ത് സെന്ററിലെ നിർമ്മാണ പ്രവൃത്തികൾ ലക്ഷ്യത്തിൽ എത്തുന്നതിന് കാലതാമസം | 3-13 |
| | ഭാഗം 4 | |
| 28 | ഡെപ്പോസിറ്റ് വർക്കിനു നൽകിയ തുകയുടെ വിവരങ്ങൾ | 4-1 |
| 29 | മൊബിലൈസേഷൻ അഡ്വാൻസ് നൽകിയത് | 4-2 |
| 30 | വായ്പ / വായ്പ തിരിച്ചടവ് | 4-3 |
| 31 | സ്ഥിരനിക്ഷേപങ്ങൾ | 4-4 |
| 32 | ഓഡിറ്റ് റിക്കവറി | 4-5 |
| 33 | സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഓഡിറ്റ് ഖണ്ഡികകൾ | 4-6 |
| 34 | ഓഡിറ്റ് പ്രത്യവലോകനം | 4-7 |
| 35 | തീർപ്പാക്കാൻ അവശേഷിക്കുന്ന ഓഡിറ്റ് റിപ്പോർട്ടുകൾ | 4-8 |

# ഭാഗം 1

## പൊതു അവലോകനം

## 1-1 ബജറ്റ്

2015-16വർഷത്തെ ബജറ്റ് 22.03.15 തീയതിയിലെ 1- ാം നമ്പർ തീരുമാനപ്രകാരം അംഗീകരിച്ചു. ബജറ്റ് പ്രകാരവും യഥാർത്ഥത്തിലുള്ളതുമായ വരവ് ചെലവ് കണക്കിന്റെ വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| ഇനം | പ്രതീക്ഷിച്ചത് | യഥാർത്ഥ തുക | വ്യത്യാസം | |
|---|---|---|---|---|
| | | | കൂടുതൽ | കുറവ് |
| മുന്നിരിപ്പ് | 5248438 | 26451660 | 21203222 | - |
| വരവ് | 304234159 | 157133441 | - | 147100718 |
| ആകെ | 309482597 | 183585101 | - | 125897496 |
| ചെലവ് | 304141254 | 148244920 | - | 155896334 |
| നീക്കിയിരിപ്പ് | 5341343 | 35340181 | 29998838 | - |

ഓരോ സാമ്പത്തിക വർഷത്തേക്കും വേണ്ടി തദ്ദേശഭരണ സ്ഥാപനം അംഗീകരിക്കുന്ന ബജറ്റിൽ ജില്ലാ ആസൂത്രണ സമിതി അംഗീകരിച്ച പദ്ധതി കൂടി ഉൾപ്പെടുത്തേണ്ടതാണ്. വാർഷിക പദ്ധതിക്ക് ജില്ലാ ആസൂത്രണ സമിതിയുടെ അംഗീകാരം ലഭിക്കുന്ന മുറയ്ക്ക് സപ്ലിമെന്ററി അല്ലെങ്കിൽ റിവൈസ്ഡ് ബജറ്റ് അവതരിപ്പിച്ച് അംഗീകാരം നേടണം. എങ്കിൽ മാത്രമേ പ്ലാൻ ചെലവുകൾ പഞ്ചായത്ത് രാജ് നിയമത്തിന്റെ 214-ാം വകുപ്പ് പ്രകാരം അനുവദനീയമാവുകയുള്ളൂ. എന്നാൽ 2015-16ൽ വാർഷിക പദ്ധതി ചെലവുകൾ ഉൾപ്പെടുത്തി ബജറ്റ് റിവൈസ് ചെയ്ത് അംഗീകാരം വാങ്ങിയില്ല. ഈ വിഷയത്തിൽ ഭരണവകുപ്പിന്റെ സത്വര ശ്രദ്ധ ക്ഷണിച്ചു കൊള്ളുന്നു.

## 1-2 വാർഷിക ധനകാര്യപത്രിക

| വർഷം | ധനകാര്യപത്രിക ലഭിച്ച തീയതി |
|---|---|
| 2015-16 | 29.6.16 |

വാർഷിക കണക്കുകളിന്മേലുള്ള പരിശോധന പ്രകാരം കണ്ടെത്തിയ അപാകതകൾ സ്ഥാപന അധികാരികളുടെ ശ്രദ്ധയിൽപ്പെടുത്തുകയും അവ പരിഹരിക്കപ്പെട്ടതിനെത്തുടർന്ന് വിശേഷണങ്ങളി ല്ലാത്ത സർട്ടിഫിക്കറ്റ് നൽകുകയും ചെയ്തിട്ടുണ്ട്.

## 1-3 ആഭ്യന്തരനിയന്ത്രണം

വൗച്ചറുകൾ, രജിസ്റ്ററുകൾ എന്നിവയുടെ സൂക്ഷിപ്പ് തൃപ്തികരമാണ്. ഫണ്ട് വിനിയോഗത്തിലെ കുറവ് മൂലം 2015-16 വർഷം 2.8 കോടി രൂപ ബ്ലോക്ക് പഞ്ചായത്തിന് നഷ്ടമായിട്ടുണ്ട്. ഗുണഭോക്തൃ സമിതി മുഖേന നടപ്പാക്കി വരുന്ന കുടിവെള്ള-കാർഷിക ജലസേചന പദ്ധതികളുടെ പൂർത്തീകരണവും തുടർ നടത്തിപ്പും നിരീക്ഷിക്കുന്നതിന് പ്രത്യേക മോണിറ്ററിംഗ് സംവിധാനം ഇല്ല. സ്വയം തൊഴിൽ സംരംഭങ്ങൾക്കായി ധനസഹായം നൽകി വരുന്നുണ്ടെങ്കിലും അവയുടെ നിലവിലെ പ്രവർത്തന സ്ഥിതി വിലയിരുത്തുന്നില്ല. ബ്ലോക്ക് പഞ്ചായത്ത് നിർമ്മിച്ച വിവിധ കെട്ടിടങ്ങൾ എഗ്രിമെന്റ് വച്ച് ഗ്രാമപ്പഞ്ചായത്തുകൾക്ക് കൈമാറുകയോ അവയുടെ നിലവിലെ അവസ്ഥ പരിശോധിക്കുകയോ ചെയ്യുന്നില്ല. പ്രോജക്ടുകളുടെ മോണിറ്ററിംഗ് സംവിധാനം തൃപ്തികരമല്ല. സംയുക്ത പ്രോജക്ടുകൾക്ക് നൽകിയ തുകയുടെ വിനിയോഗം പരിശോധിക്കുന്നില്ല.

## 1-4 സാമ്പത്തിക വിശകലനം

| ഇനം | തുക |
|---|---|
| മുന്നിരിപ്പ് | 26451660 |
| വരവ് | 157133441 |
| ആകെ | 183585101 |
| ചെലവ് | 148244920 |
| നീക്കിയിരിപ്പ് | 35340181 |

## 1-5 ഫണ്ട് വിനിയോഗം

| ഫണ്ടിനം | മുൻബാക്കി | ട്രാൻസ്ഫർ ക്രഡിറ്റ് | വരവ് തുക | ആകെ തുക | ചെലവ് തുക | ട്രാൻസ്ഫർ ക്രഡിറ്റ് |
|---|---|---|---|---|---|---|
| വികസന ഫണ്ട് (ജനറൽ) | 2234774 | 4474018 | 22992813 | 29701605 | 29701605 | - |
| വികസന ഫണ്ട് (എസ്.സി.പി) | 5459594 | - | 14365561 | 19825155 | 15365137 | 4460018 |
| വികസനഫണ്ട് (ടി.എസ്.പി) | 89000 | - | 100000 | 189000 | 175000 | 14000 |

| | | | | | | |
|---|---|---|---|---|---|---|
| സംരക്ഷണ ഗ്രാന്റ് (റോഡിതരം) | 3144484 | - | 0 | 3144484 | 3144484 | - |
| കേന്ദ്രാവിഷ്കൃത പദ്ധതികൾ | 9769262 | | 102870752 | 112640014 | 84089435 | |

(19.09.15-ലെ GO (P) No. 419/2015/Fin നം. ഉത്തരവ് പ്രകാരം, കൺസോളിഡേറ്റഡ് ഫണ്ടിൽ നിന്നും പിൻവലിച്ച തുകയാണ് വരവായി എടുത്തിരിക്കുന്നത്. 2015-16 വർഷം മുതൽ വികസന ഫണ്ട്/മെയി.ഗ്രാന്റ് എന്നിവയ്ക്ക് നീക്കിയിരിപ്പ് ഇല്ല.)

## 1-6 പദ്ധതി അവലോകനം

ഓഡിറ്റ് വർഷം അംഗീകാരം ലഭിച്ച പ്രോജക്ടുകൾ നടപ്പാക്കിയതിന്റെ വിവരം താഴെ ചേർക്കുന്നു.

| അംഗീകാരം ലഭിച്ചത് | നടപ്പാക്കിയത് | നടപ്പാക്കാത്തവ | പൂർത്തീകരിച്ച പ്രോജക്ടുകളുടെ ശതമാനം |
|---|---|---|---|
| 86 | 49 | 37 | 56.9 |

ാതി നിർവ്വഹണ വിവരങ്ങൾ

| വികസന മേഖല | അംഗീകരിച്ച പ്രോജക്ടുകൾ | | നടപ്പാക്കിയ പ്രോജക്ടുകൾ | | |
|---|---|---|---|---|---|
| | എണ്ണം | അടങ്കൽ തുക | എണ്ണം | ചെലവ് തുക | ചെലവ് % |
| ഉല്പാദനം | 4 | 14610565 | 2 | 1099774 | 7.5 |
| സേവനം | 25 | 162828482 | 20 | 36480015 | 22.4 |
| പശ്ചാത്തലം | 57 | 28548645 | 27 | 10765983 | 37.7 |

മരാമത്ത് പ്രവ്യത്തികൾ നടപ്പിലാക്കുന്നതിൽ വീഴ്ച

അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനിയർ നിർവ്വഹണ ഉദ്യോഗസ്ഥനായി 2015-16 വർഷം 28288453 രൂപ വകയിരുത്തി 57 പ്രോജക്ടുകൾ ആവിഷ്കരിച്ച് അംഗീകാരം ലഭിച്ചതിൽ 27 പ്രവൃത്തികൾ മാത്രമാണ് നടപ്പാക്കിയത്. പ്രസ്തുത പ്രവൃത്തികളിൽ 21 എണ്ണം പദ്ധതി കാലയളവിന്റെ അവസാന മാസമായ2016 മാർച്ച് മാസത്തിലാണ് നടപ്പിലാക്കിട്ടുള്ളത്(78%). സാങ്കേതിക വിഭാഗത്തിൽ ഒരു അസി. എക്സി.എഞ്ചിനിയർ, അസി.എഞ്ചിനിയർ, രണ്ട് ഓവർസിയർമാർ, ഒരു ക്ലാർക്ക് എന്നീ തസ്തികളാണ് ഉള്ളത്. പദ്ധതി നിർവ്വഹണം കൂടുതൽ നടന്നത് മാർച്ച് മാസത്തിൽ മാത്രം ആയതിനാൽ പ്രവൃത്തികളുടെ വിവിധ ഘട്ടങ്ങളിലുള്ള മേൽനോട്ടത്തേയും സാരമായി ബാധിച്ചിട്ടുണ്ടെന്നും ആയത് നിർവ്വഹണത്തിന്റെ സുതാര്യതയേയും ഗുണമേന്മയേയും പ്രതികൂലമായി ബാധിക്കുന്നതിന് സാധ്യതയുണ്ടെന്ന് ഓഡിറ്റ് വിലയിരുത്തുന്നു. സാങ്കേതിക വിഭാഗത്തിൽ ആവശ്യമായ സ്റ്റാഫ് ഉണ്ടായിരിക്കെ ആവിഷ്കരിച്ച പ്രോജക്ടുകളുടെ 53.4 ശതമാനത്തോളം നിർവ്വഹിക്കാൻ കഴിയാതിരുന്നത് പദ്ധതി നിർവ്വഹണത്തിലുണ്ടായ പാളിച്ചയാണ്. ഭാവിയിൽ പദ്ധതി പ്രവർത്തനം കാര്യക്ഷമമാക്കുവാൻ ഭരണസമിതിയുടെ സത്വര ശ്രദ്ധ ക്ഷണിക്കുന്നു.

## 1-7 മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം

| ഓഡിറ്റ് | അവസാനം ഓഡിറ്റ് നടത്തിയ തീയതി | ഓഡിറ്റ് കാലയളവ് | റിപ്പോർട്ട് ലഭിച്ച തീയതി |
|---|---|---|---|
| പെർഫോമൻസ് ഓഡിറ്റ് | 02.03.2016 | 2014-15 | 08.07.2016 |
| അക്കൗണ്ടന്റ് ജനറലിന്റെ ഓഡിറ്റ് | 20.02.2014-26.02.2014 | 2011-12,2012-13 | 24.04.2014 |

# ഭാഗം-2

# വരവ് കണക്കുകളിൻമേലുള്ള ഓഡിറ്റ് നിരീക്ഷണങ്ങൾ

## 2-1 ഇ ടെണ്ടർ - ടെണ്ടർ ഫീസ്, ബ്ലോക്ക് പഞ്ചായത്തിന് ലഭിക്കാനുള്ളത് 1.91 ലക്ഷം രൂപ

28-09-2013 ലെ ജി.ഒ.(എം.എസ്) 318/2013/ത.സ്വ.ഭ.വ ഉത്തരവ് പ്രകാരം ഇ ടെണ്ടർ മുഖേന നടപ്പിലാക്കുന്ന മരാമത്ത് പ്രവൃത്തികളുടെ ഇ.എം.ഡി, ടെണ്ടർ ഫീസ് എന്നിവ ഓൺലൈൻ ആയി ഒടുക്കുന്നതിന് എൽ.എസ്.ജി.ഡി ജില്ലാപഞ്ചായത്ത് എക്സി. എഞ്ചിനിയറുടെ പേരിൽ സീറോ ബാലൻസ് അക്കൗണ്ട് ആരംഭിക്കുന്നതിനും ഗ്രാമ പഞ്ചായത്ത് / ബ്ലോക്ക് പഞ്ചായത്ത് മുഖേന നടപ്പിലാക്കുന്ന മരാമത്ത് പ്രവൃത്തികളുടെ ടെണ്ടർ ഫീസും വാറ്റും (5%) പ്രസ്തുത അക്കൗണ്ടിൽ ഒടുക്കുന്നതിനും നിർദ്ദേശിച്ചിരുന്നു. ജി.ഒ.(പി) 429/2015/ഫിൻ/28-09-2015 ഉത്തരവ് അനുസരിച്ച് 50000 മുതൽ 10 ലക്ഷം വരെ അടങ്കലുള്ള പ്രവൃത്തികളുടെ ടെണ്ടർ ഫീസ് അടങ്കൽ തുകയുടെ 0.2% തുകയാണ് (ഏറ്റവും കുറഞ്ഞത് 500 രൂപ, കൂടിയത് 2000 രൂപ).പത്ത് ലക്ഷത്തിന് മുകളിൽ ഒരു കോടി വരെ അടങ്കലുള്ള പ്രവൃത്തികളുടെ ടെണ്ടർ ഫീസ് 2500 രൂപയുമാണ്. ഓഡിറ്റിന് ലഭ്യമാക്കിയ ടെണ്ടർ രജിസ്റ്റർ അനുസരിച്ച് പറക്കോട് ബ്ലോക്ക് പഞ്ചായത്തിൽ 2015-16 വർഷം ഇ ടെണ്ടർ മുഖേന 44 പ്രവൃത്തികൾക്ക് ടെണ്ടർ ക്ഷണിക്കുകയും 9പ്രവൃത്തികൾക്ക് റീടെണ്ടർ ക്ഷണിക്കുകയും ചെയ്തിട്ടുണ്ട്. വിവിധ പ്രവൃത്തികൾക്കായി ഇ ടെണ്ടർ സമർപ്പിച്ച ഓരോ കരാറുകാരും താഴെപ്പറയും പ്രകാരം ഓൺലൈനായി ടെണ്ടർ ഫീസും വാറ്റും എൽ.എസ്.ജി.ഡി ജില്ലാപഞ്ചായത്ത് എക്സി. എഞ്ചിനിയറുടെ പേരിലുള്ള സീറോ ബാലൻസ് അക്കൗണ്ടിൽ ഒടുക്കിയിട്ടുണ്ട്. പ്രസ്തുത ടെണ്ടർഫീസ് പറക്കോട് ബ്ലോക്ക് പഞ്ചായത്തിന്റെ തനത് ഫണ്ട് അക്കൗണ്ടിലേക്ക് ട്രാൻസ്ഫർ ക്രഡിറ്റ് ചെയ്യുന്നതിനും വാറ്റ് ഇനത്തിൽ ലഭിച്ച തുക സർക്കാരിലേക്ക് ഒടുക്കുന്നതിനും നാളിതുവരെയായി അസി.എക്സി. എഞ്ചിനിയർ നടപടി സ്വീകരിച്ചിട്ടില്ല. വിശദാംശം ചുവടെ ചേർക്കുന്നു.

| ക്രമ നം. | പ്രവൃത്തിയുടെ പേര് | അടങ്കൽ തുക | ഇ ടെണ്ടറിൽ പങ്കെടുത്ത കരാറുകാരുടെ എണ്ണം | ആകെ ഒടുക്കിയിട്ടുള്ള ടെണ്ടർ ഫീസ് | വാറ്റ് (5%) | ആകെ |
|---|---|---|---|---|---|---|

| | | | | | | |
|---|---|---|---|---|---|---|
| 1. | കൊട്ടമൺ ഗ്രാമ പഞ്ചായത്തിലെ വാർഡ് 17 ൽ ഗുരുമന്ദിരം -വാഴവിളപ്പടി റോഡ് പുനരുദ്ധാരണം (10/16) | 500000 | 2 | 2x1000=<br>2000 | 100 | 2100 |
| 2. | കൊട്ടമൺ ഗ്രാമ പഞ്ചായത്തിലെ വാർഡ് 6 ൽ കുനംകാവിൽപ്പടി - കൊട്ടമൺ ചിറ റോഡ് പുനരുദ്ധാരണം(11/16). | 500000 | 1 | 1x1000=<br>1000 | 50 | 1050 |
| 3. | കൊട്ടമൺ ഗ്രാമ പഞ്ചായത്തിലെ വാർഡ് 8 ൽ കാവുംകോട്ടപ്പടി - മണക്കാട്ട് അമ്പലം ഒറ്റതെങ്ങിൽപ്പടി റോഡ്പുരുദ്ധാരണം (12/16). | 500000 | 1 | 1x1000=<br>1000 | 50 | 1050 |
| 4. | കൊട്ടമൺ ഗ്രാമ പഞ്ചായത്തിലെ വാർഡ് 4 ൽ<br>ചാവരുമുരുപ്പ് പന നിൽക്കും പടി റോഡ് പുനരുദ്ധാരണം(13/16) | 500000 | 2 | 2x1000=<br>2000 | 100 | 2100 |
| 5. | കടമ്പനാട് ഗ്രാമ പഞ്ചായത്തിലെ വാർഡ് 2,10 ൽ പട്ടണത്ത് വിള ചക്കാലപ്പടി റോഡ് പുനരുദ്ധാരണം(14/16) | 500000 | 6 | 6x1000=<br>6000 | 300 | 6300 |
| 6. | കടമ്പനാട് ഗ്രാമ പഞ്ചായത്തിലെ വാർഡ് 1,17 ൽ ചുമട് താങ്ങി തോയിപ്പാട്ട് റോഡ് പുനരുദ്ധാരണം(15/16) | 500000 | 4 | 4x1000=<br>4000 | 200 | 4200 |
| 7. | കലഞ്ഞൂർ ഗ്രാമ പഞ്ചായത്തിലെ വാർഡ് 19 ൽ ആശാരിപ്പടി പോലീസ് സ്റ്റേഷൻ റോഡ് പുനരുദ്ധാരണം(16/16) | 500000 | 2 | 2x1000=<br>2000 | 100 | 2100 |
| 8. | കലഞ്ഞൂർ ഗ്രാമ പഞ്ചായത്തിലെ വാർഡ് 10 ൽ ഏലിയമൂല കോളനി റോഡ് നവീകരണം(17/16) | 1000000 | 2 | 2x2000=<br>4000 | 200 | 4200 |
| 9. | ഏറത്ത് ഗ്രാമ പഞ്ചായത്തിലെ വാർഡ് 9 ൽ<br>കപ്രപ്പടി ഗുരുമന്ദിരം റോഡ് പുനരുദ്ധാരണം (19/16) | 500000 | 5 | 5x1000=<br>5000 | 250 | 5250 |
| 10. | കൊട്ടമൺ ഗ്രാമ പഞ്ചായത്തിലെ വാർഡ് 1 ൽ ഇടത്തിട്ട മലയിൽ പടിഞ്ഞാറ്റേതിൽ ഇടയിലെ വീട്ടു പടി റോഡ് പുനരുദ്ധാരണം (20/16). | 500000 | 4 | 4x1000=<br>4000 | 200 | 4200 |
| 11. | കലഞ്ഞൂർ ഗ്രാമ പഞ്ചായത്തിലെ വാർഡ് 7 ൽ ഇരുക്കുഴി വട്ടമല റോഡ് പുനരുദ്ധാരണം(21/16) | 500000 | 1 | 1x1000=<br>1000 | 50 | 1050 |
| 12. | പള്ളിക്കൽ ഗ്രാമ പഞ്ചായത്തിലെ വാർഡ് 1 ൽ ട്രാൻസ്ഫോർമർ പടി ഗണപതി ക്ഷേത്രം റോഡ് പുനരുദ്ധാരണം (22/16). | 500000 | 1 | 1x1000=<br>1000 | 50 | 1050 |
| 13. | പള്ളിക്കൽ ഗ്രാമ പഞ്ചായത്തിലെ വാർഡ് 14 ൽ അടേപ്പാട് ഗുരുമന്ദിരം അടേപ്പാട് പാലം റോഡ് പുനരുദ്ധാരണം (23/16). | 500000 | 4 | 4x1000=<br>4000 | 200 | 4200 |
| 14. | ഏനാദിമംഗലം ഗ്രാമ പഞ്ചായത്തിലെ വാർഡ് 2 ൽ മൂർത്തിവിളപ്പടി പ്ലാന്റേഷൻ പടി റോഡ് പുനരുദ്ധാരണം (23/16). | 500000 | 2 | 2x1000=<br>2000 | 100 | 2100 |
| 15. | ഏനാദിമംഗലം ഗ്രാമ പഞ്ചായത്തിലെ വാർഡ് 8 ൽ കാരിഞ്ചക്കുഴി പുളിമൂട്ടിൽ റോഡ് പുനരുദ്ധാരണം (31/16). | 1000000 | 1 | 1x2000=<br>2000 | 100 | 2100 |
| 16. | ഏഴംകുളം ഗ്രാമ പഞ്ചായത്തിലെ വാർഡ് 13 ൽ തെറ്റിമുകൾ വറുവശ്ശേരി റോഡ്<br>പുനരുദ്ധാരണം (32/16). | 500000 | 3 | 3x1000=<br>3000 | 150 | 3150 |
| 17. | കടമ്പനാട് ഗ്രാമ പഞ്ചായത്തിലെ വാർഡ് 10 ൽ കൊച്ചുവീട്ടിൽ പടി വിളയിൽ തോട്ടത്തിൽ പടി റോഡ് പുനരുദ്ധാരണം(33/16) | 500000 | 3 | 3x1000=<br>3000 | 150 | 3150 |
| 18. | പള്ളിക്കൽ ഗ്രാമ പഞ്ചായത്തിലെ വാർഡ് 13 ൽ ചക്കിട്ടപ്പടി വട്ടയ്ക്കാട്ട് ഏലാ റോഡ് പുനരുദ്ധാരണം (34/16). | 500000 | 3 | 3x1000=<br>3000 | 150 | 3150 |
| 19. | ഏഴംകുളം ഗ്രാമ പഞ്ചായത്തിലെ വാർഡ് 6 ൽ കിളിക്കോട് നെടുമൺ പോസ്റ്റ് ഓഫീസ് റോഡ്<br>പുനരുദ്ധാരണം (35/16). | 500000 | 4 | 4x1000=<br>4000 | 200 | 4200 |
| 20. | ഏഴംകുളം ഗ്രാമ പഞ്ചായത്തിലെ വാർഡ് 4 ൽ മൂലഭാഗം പാറയിൽപടി തറയിലയ്യത്ത് പടി റോഡ്<br>പുനരുദ്ധാരണം (36/16). | 1000000 | 6 | 6x2000=<br>12000 | 600 | 12600 |
| 21. | ഏഴംകുളം ഗ്രാമ പഞ്ചായത്തിലെ വാർഡ് 4 ൽ കുളിക്കുന്ന കുഴി കോടത്ത് റോഡ്<br>പുനരുദ്ധാരണം (37/16). | 500000 | 3 | 3x1000=<br>3000 | 150 | 3150 |
| 22. | ഏഴംകുളം ഗ്രാമ പഞ്ചായത്തിലെ വാർഡ് 18 ൽ വാക്കയിൽപടി റോഡ്<br>പുനരുദ്ധാരണം (38/16). | 500000 | 7 | 7x1000=<br>7000 | 350 | 7350 |
| 23. | പള്ളിക്കൽ ഗ്രാമ പഞ്ചായത്തിലെ മനുഭവനം പടി കോളനിപ്പടി റോഡ് | 554500 | 1 | 1109 | 55 | 1164 |

| | | | | | | |
|---|---|---|---|---|---|---|
| | പുനരുദ്ധാരണം (40/16). | | | | | |
| 24. | ഏഴംകുളം ഗ്രാമ പഞ്ചായത്തിലെ വാർഡ് 8 ൽ പുലിക്കുഴി തെക്കേക്കര കോളനി റോഡ്<br>പുനരുദ്ധാരണം (41/16). | 500000 | 1 | 1x1000=<br>1000 | 50 | 1050 |
| 25. | ഏഴംകുളം ഗ്രാമ പഞ്ചായത്തിലെ വാർഡ് 15 ൽ ബ്ലോക്ക് പടി പൊട്ടക്കണ്ണൻമുരുപ്പ്കോളനി-വോങ്ങവിള ജംഗ്ഷൻ റോഡ്<br>പുനരുദ്ധാരണം (42/16). | 1000000 | 4 | 4x2000=<br>8000 | 400 | 8400 |
| 26. | കടമ്പനാട് ഗ്രാമ പഞ്ചായത്തിലെ വാർഡ് 13 ൽ കിണറുവിള എം.എൻ കോളനി പാറമല കോളനി റോഡ് പുനരുദ്ധാരണം(43/16) | 500000 | 2 | 2x1000=<br>2000 | 100 | 2100 |
| 27. | ഏനാദിമംഗലം ഗ്രാമ പഞ്ചായത്തിലെ വാർഡ് 12 ൽ പെരുന്തോയിക്കൽ കൊച്ചുവിളപ്പടി റോഡ് പുനരുദ്ധാരണം (44/16). | 500000 | 3 | 3x1000=<br>3000 | 150 | 3150 |
| 28. | ഏഴംകുളം ഗ്രാമ പഞ്ചായത്തിലെ നെടുമൺ വാർഡിൽ (6) മങ്കോട്ട്മുരുപ്പ് കോളനി റോഡ്<br>പുനരുദ്ധാരണം (45/16). | 900000 | 2 | 2x1800=<br>3600 | 180 | 3780 |
| 29. | കൊടുമൺ ഗ്രാമ പഞ്ചായത്തിലെ വാർഡ് 12ൽ രണ്ടാംകുറ്റി പുളിക്കാശ്ശേരി റോഡ് പുനരുദ്ധാരണം (61/16). | 500000 | 2 | 2x1000=<br>2000 | 100 | 2100 |
| 30. | പള്ളിക്കൽ ഗ്രാമ പഞ്ചായത്തിലെ വാർഡ് 19 ൽ അടേപ്പാട്ട് കോളനി റോഡ് പുനരുദ്ധാരണം (62/16). | 500000 | 4 | 4x1000=<br>4000 | 200 | 4200 |
| 31. | ഏനാദിമംഗലം ഗ്രാമ പഞ്ചായത്തിലെ വാർഡ് 11 ൽ മംഗലത്ത് പടി മണ്ണാറ്റൂർകോളനി റോഡ് പുനരുദ്ധാരണം (63/16). | 500000 | 1 | 1x1000=<br>1000 | 50 | 1050 |
| 32. | കൊടുമൺ ഗ്രാമ പഞ്ചായത്തിലെ വാർഡ് 8ൽ കുളത്തിനാൽ കോടുമൺചിറ റോഡ് പുനരുദ്ധാരണം (65/16). | 600000 | 3 | 3x1200=<br>3600 | 180 | 3780 |
| 33. | കടമ്പനാട് ഗ്രാമ പഞ്ചായത്തിലെ വാർഡ് 14 ൽ എള്ളുവിള നാലുതുണ്ടിൽപ്പടി കോളനി റോഡ് പുനരുദ്ധാരണം(66/16) | 500000 | 4 | 4x1000=<br>4000 | 200 | 4200 |
| 34. | ഏഴംകുളം ഗ്രാമ പഞ്ചായത്തിലെ നെടുമൺ വാർഡ് 1ൽ പനയ്ക്കമുരുപ്പ് കോളനി റോഡ്<br>പുനരുദ്ധാരണം (67/16). | 946000 | 4 | 4x1892=<br>7568 | 380 | 7948 |
| 35. | കലഞ്ഞൂർ ഗ്രാമ പഞ്ചായത്തിലെ വാർഡ് 6 ൽ കുളത്തുമൺ സണ്ണിമുക്ക് റോഡ് പുനരുദ്ധാരണം(69/16) | 500000 | 2 | 2x1000=<br>2000 | 100 | 2100 |
| 36. | പള്ളിക്കൽ ഗ്രാമ പഞ്ചായത്തിലെ വാർഡ് 14 ൽ പുത്തൻവീട്ടിൽപ്പടി മുഴങ്ങോടിയിൽപ്പടി റോഡ് പുനരുദ്ധാരണം (71/16). | 500000 | 3 | 3x1000=<br>3000 | 150 | 3150 |
| 37. | ഏറത്ത് ഗ്രാമ പഞ്ചായത്തിലെ വാർഡ് 4 ൽ<br>ആലോട്ട്പടി നിരണക്കാല റോഡ് പുനരുദ്ധാരണം (72/16) | 655000 | 5 | 5x1310=<br>6550 | 330 | 6880 |
| 38. | കടമ്പനാട് ഗ്രാമ പഞ്ചായത്തിലെ വാർഡ് 12 ൽ പാണ്ടി മലപ്പുറം -ടിവി ജംഗ്ഷൻ പുലിപ്പാറ കോളനി റോഡ് പുനരുദ്ധാരണം(76/16) | 1000000 | 2 | 2x2000=<br>4000 | 200 | 4200 |
| 39. | കടമ്പനാട് ഗ്രാമ പഞ്ചായത്തിലെ വാർഡ് 5 ൽ ലക്ഷ്മി നട പറപ്പാട്ട്പടി റോഡ് പുനരുദ്ധാരണം(78/16) | 500000 | 3 | 3x1000=<br>3000 | 150 | 3150 |
| 40. | ഏഴംകുളം ഗ്രാമ പഞ്ചായത്തിലെ വാർഡ് 15ൽ കുഴിക്കോട് ചാവരുപടി ക്രഷർ റോഡ്<br>പുനരുദ്ധാരണം (79/16). | 500000 | 4 | 4x1000=<br>4000 | 200 | 4200 |
| 41. | കൊടുമൺ ഗ്രാമ പഞ്ചായത്തിലെ വാർഡ് 14ൽ കാരിക്കൽ കോളനി തെങ്ങിനാൽ വിളയിൽ പ്പടി റോഡ് പുനരുദ്ധാരണം (99/16). | 500000 | 2 | 2x1000=<br>2000 | 100 | 2100 |
| 42. | ഏനാദിമംഗലം ഗ്രാമ പഞ്ചായത്തിലെ വാർഡ് 2 ൽ എസ്സ്.ഐ.പി കടമാൻകുഴി റോഡ് പുനരുദ്ധാരണം (100/16). | 500000 | 1 | 1x1000=<br>1000 | 50 | 1050 |
| 43. | കലഞ്ഞൂർ ഗ്രാമ പഞ്ചായത്തിലെ വാർഡ് 11 ൽ സാറുമുക്ക് എലിക്കോട് തോരകത്ത് പടി റോഡ് പുനരുദ്ധാരണം(101/16) | 500000 | 2 | 2x1000=<br>2000 | 100 | 2100 |
| 44. | കലഞ്ഞൂർ ഗ്രാമ പഞ്ചായത്തിലെ വാർഡ് 10 ൽ സ്റ്റേഡിയം മിച്ചഭൂമി റോഡ് പുനരുദ്ധാരണം(102/16) | 1500000 | 2 | 2x2500=<br>5000 | 250 | 5250 |

| | | | | | | |
|---|---|---|---|---|---|---|
| 45. | കൊടുമൺ ഗ്രാമ പഞ്ചായത്തിലെ വാർഡ് 6 ൽ കുനംകാവിൽപ്പടി - കൊടുമൺ ചിറ റോഡ് പുനരുദ്ധാരണം(11/16).(റീടെണ്ടർ) | 500000 | 6 | 6x1000=<br>6000 | 300 | 6300 |
| 46. | കൊടുമൺ ഗ്രാമ പഞ്ചായത്തിലെ വാർഡ് 8 ൽ കാവുംകോട്ടപ്പടി - മണക്കാട്ട് അമ്പലം ഒറ്റതെങ്ങിൽപ്പടി റോഡ്പുരുദ്ധാരണം (12/16).(റീടെണ്ടർ) | 500000 | 6 | 6x1000=<br>6000 | 300 | 6300 |
| 47. | കലഞ്ഞൂർ ഗ്രാമ പഞ്ചായത്തിലെ വാർഡ് 7 ൽ ഇരുക്കുഴി വട്ടമല റോഡ് പുനരുദ്ധാരണം(21/16).(റീടെണ്ടർ) | 500000 | 4 | 4x1000=<br>4000 | 200 | 4200 |
| 48. | പള്ളിക്കൽ ഗ്രാമ പഞ്ചായത്തിലെ വാർഡ് 1 ൽ ട്രാൻസ്ഫോർമർ പടി ഗണപതി ക്ഷേത്രം റോഡ് പുനരുദ്ധാരണം (22/16).(റീടെണ്ടർ) | 500000 | 4 | 4x1000=<br>4000 | 200 | 4200 |
| 49. | ഏനാദിമംഗലം ഗ്രാമ പഞ്ചായത്തിലെ വാർഡ് 8 ൽ കാരിഞ്ചക്കുഴി പുളിമൂട്ടിൽ റോഡ് പുനരുദ്ധാരണം (31/16).(റീടെണ്ടർ) | 1000000 | 2 | 2x2000=<br>4000 | 200 | 4200 |
| 50. | പള്ളിക്കൽ ഗ്രാമ പഞ്ചായത്തിലെ മനുഭവനം പടി കോളനിപ്പടി റോഡ് പുനരുദ്ധാരണം (40/16).(റീടെണ്ടർ) | 554500 | 3 | 3x1109=<br>3327 | 165 | 3492 |
| 51. | ഏഴംകുളം ഗ്രാമ പഞ്ചായത്തിലെ വാർഡ് 8 ൽ പുലിക്കുഴി തെക്കേക്കര കോളനി റോഡ്<br><br>പുനരുദ്ധാരണം (41/16).(റീടെണ്ടർ) | 500000 | 2 | 2x1000=<br>2000 | 100 | 2100 |
| 52. | ഏനാദിമംഗലം ഗ്രാമ പഞ്ചായത്തിലെ വാർഡ് 11 ൽ മംഗലത്ത് പടി മണ്ണാറ്റൂർകോളനി റോഡ് പുനരുദ്ധാരണം (63/16).(റീടെണ്ടർ) | 500000 | 3 | 3x1000=<br>3000 | 150 | 3150 |
| 53. | പറക്കോട് ബ്ലോക്ക് പഞ്ചായത്ത കോമ്പൗണ്ടിൽ കെട്ടിട ചുറ്റുമതിൽ അറ്റകുറ്റപ്പണികൾ(92/16) | 700000 | 2 | 2x1400=<br>2800 | 140 | 2940 |
| 54. | ഏനാദിമംഗലം ഗ്രാമ പഞ്ചായത്തിലെ വാർഡ് 2 ൽ എസ്സ്.ഐ.പി കടമാൻകുഴി റോഡ് പുനരുദ്ധാരണം (100/16).(റീടെണ്ടർ) | 500000 | 7 | 7x1000=<br>7000 | 350 | 7350 |
| | ആകെ | | | 191554 | 9580 | 201134 |

ഇത് സംബന്ധിച്ച് നൽകിയ ഓഡിറ്റ് അന്വേഷണത്തിന് (04/22-02-17) മറുപടിയായി ടി തുക വാങ്ങി ബ്ലോക്ക് പഞ്ചായത്ത് ഫണ്ടിലേക്ക് ഒടുക്ക് വരുത്തുന്നതിനും വാറ്റ് ഇനത്തിൽ സർക്കാരിലേക്ക് അടക്കേണ്ട തുക ഒടുക്ക് വരുത്തുന്നതിനും നടപടി സ്വീകരിക്കുന്നതാണെന്ന് അസി. എക്സി. എഞ്ചിനിയർ അറിയിച്ചു. തുക ഒടുക്കിയ ശേഷം വിവരം ഓഡിറ്റിനെ അറിയിക്കേണ്ടതാണ്.

# ഭാഗം-3

## ചെലവു കണക്കുകളിൻമേലുള്ള ഓഡിറ്റ് നിരീക്ഷണങ്ങൾ

## 3-1 പ്രോജക്ട് നിർവ്വഹണത്തിൽ വീഴ്ച- ബ്ലോക്ക്പഞ്ചായത്തിന് നഷ്ടമായത് 2.80 കോടി രൂപ

ബ്ലോക്ക് പഞ്ചായത്തിന് ലഭ്യമായ ഫണ്ടിന് ആനുപാതികമായി പ്രോജക്ടുകൾ ആവിഷ്കരിക്കുന്നതിലും നടപ്പിലാക്കുന്നതിലുമുണ്ടായ വീഴ്ച മൂലം 28038088രൂപ നഷ്ടമായി. ആകെ അനുവദിച്ച അലോട്ട്മെന്റിൽ നിന്നും പ്രോജക്ടുകൾക്കായി ചെലവഴിക്കാതെ നീക്കിയിരിപ്പുണ്ടായിരുന്ന തുകയാണ് നഷ്ടമായത്. വിശദാംശം താഴെ കൊടുക്കുന്നു.

| ഫണ്ടിനം | (ട്രാൻസ്ഫർ ക്രഡിറ്റ് ഉൾപ്പടെ ലഭ്യമായ ആകെ മുന്നിരിപ്പ്) | തൻ വർഷം ലഭിച്ച അലോട്ട്മെന്റ് | ആകെ ലഭ്യമായ തുക | ചെലവഴിച്ചത് | നഷ്ടമായതുക |
|---|---|---|---|---|---|
| വികസനഫണ്ട് പൊതുവിഭാഗം | 6708792 | 33372000 | 40080792 | 29701605 | 10379187 |
| വികസനഫണ്ട് എസ്.സി.പി. | 5459594 | 22130000 | 27589594 | 15365137 | 12224457 |
| റ്റി.എസ്.പി | 89000 | 164000 | 253000 | 175000 | 78000 |
| സംരക്ഷണ ഗ്രാന്റ്(നോൺ റോഡ്) | 3144484 | 4779000 | 7923484 | 2567040 | 5356444 |
| ആകെ | 15401870 | 60445000 | 75846870 | 47808782 | 28038088 |

ബ്ലോക്ക് പഞ്ചായത്തിന്റെയും കൈമാറിക്കിട്ടിയ സ്ഥാപനങ്ങളുടേയും വികസന പ്രവർത്തനങ്ങൾക്ക് ലഭ്യമായ തുക നഷ്ടപ്പെട്ടത് തുടർനടപടികൾക്കായി ഭരണ സമിതിയുടെ ശ്രദ്ധയിൽപ്പെടുത്തുന്നു. സമയബന്ധിതമായി പദ്ധതി പ്രവർത്തനങ്ങൾ പൂർത്തീകരിക്കുവാൻ കഴിയാത്തതാണ് ഇത്രയധികം തുക ബ്ലോക്ക്പഞ്ചായത്തിന് നഷ്ടപ്പെടാൻ ഇടയാക്കിയത്. പ്രോജക്ടുകൾ സ്പിൽ ഓവറായി തുടരുന്നതു കാരണം 2017-18 വർഷം ലഭ്യമായ വിഹിതത്തിൽ നിന്നും തുക കണ്ടെത്തേണ്ടി വരുന്നു. ഇത് മൂലം പുതിയ പ്രോജക്ടുകൾ ഏറ്റെടുക്കുവാൻ കഴിയാത്ത അവസ്ഥയാണ് നിലവിലുള്ളത്. പദ്ധതി നിർവ്വഹണത്തിലെ അപാകത സംബന്ധിച്ച് തുടർ നടപടികൾക്കായി ഭരണവകുപ്പിന്റെ

ശ്രദ്ധയിൽപ്പെടുത്തുന്നു.

## 3-2 വികസന ഫണ്ട്(ജനറൽ) -പ്രോജക്ടുകൾക്ക് വകയിരുത്തിയതിൽ കുറവ് വന്നത് 44.74ലക്ഷം രൂപ

2015-16 ലെ വാർഷിക പദ്ധതിക്ക് ലഭ്യമായ മുഴുവൻ വികസന ഫണ്ടും(സാധാരണ വിഹിതം) വകയിരുത്തി പ്രോജക്ടുകൾ ആവിഷ്കരിച്ചിട്ടില്ല. 19.09.15-ലെ GO (P) No. 419/2015/Fin നം. ഉത്തരവ് പ്രകാരം 2015-16ൽ പൊതു വിഭാഗം വികസന ഫണ്ടിലേയ്ക്ക് ട്രാൻസ്ഫർ ക്രഡിറ്റ് ചെയ്ത തുകയുൾപ്പടെ 40080792രൂപ ബ്ലോക്ക്പഞ്ചായത്തിന് ലഭ്യമായിരുന്നുവെങ്കിലും 35606774രൂപ മാത്രം വകയിരുത്തിയാണ് പ്രോജക്ടുകൾ ആവിഷ്കരിച്ചത്. വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| ഫണ്ടിനം | മുന്നിരിപ്പ് | ലഭിച്ച ആകെ അലോട്ട്മെന്റ് | പൊതു വിഭാഗം ഫണ്ടിലേയ്ക്ക് റ്റി.സി ചെയ്ത തുക | ആകെ ലഭ്യമായ തുക | വാർഷിക പദ്ധതിയിൽ വകയിരുത്തിയ തുക | വകയിരുത്തിയതിൽ കുറവ് വന്നത് |
|---|---|---|---|---|---|---|
| വികസന ഫണ്ട്(ജനറൽ) | 2234774 | 33372000 | 4474018 | 40080792 | 35606774 | 4474018 |

ഓഡിറ്റ് വർഷം യഥാർത്ഥത്തിൽ ലഭ്യമായ തുകയുടെ അടിസ്ഥാനത്തിൽ പദ്ധതിക്ക് തുക വകയിരുത്താതിരുന്നത് തുടർ നടപടികൾക്കായി ഭരണ സമിതിയുടെ ശ്രദ്ധയിൽപ്പെടുത്തുന്നു.

## 3-3 വികലാംഗക്ഷേമ കോർപ്പറേഷന് 21.45ലക്ഷം രൂപ നൽകി മാസങ്ങൾ കഴിഞ്ഞിട്ടും സൈഡ് വീലുള്ള സ്കൂട്ടർ ലഭ്യമാക്കിയില്ല

ബ്ലോക്ക് പഞ്ചായത്ത് പരിധിയിൽ താമസിക്കുന്ന ഭിന്നശേഷിക്കാരായ 30 ഗുണഭോക്താക്കൾക്ക് സൈഡ് വീലുള്ള സ്കൂട്ടർ നൽകുന്നതിനായി 2145000 രൂപ(ഡി.ഡി.നമ്പർ 420381/5.7.16) വികലാംഗക്ഷേമ കോർപ്പറേഷന് നൽകിയെങ്കിലും നാളിതുവരെ സ്കൂട്ടർ ലഭ്യമാക്കിയിട്ടില്ല

സി.ഡി.പി.ഒ നിർവ്വഹണ ഉദ്യോഗസ്ഥയായി 2015-16-ൽ ആവിഷ്കരിച്ച പ്രോജക്റ്റിന്റെ(75/16) നിർവ്വഹണത്തിൽ താഴെപ്പറയുന്ന അപാകതകൾ ഉണ്ടായിട്ടുണ്ട്.

1) സൈഡ് വീലുള്ള സ്കൂട്ടർ വാങ്ങുന്നതിനായി വികലാംഗക്ഷേമ കോർപ്പറേഷൻ, കെൽട്രോൺ എന്നിവയിൽ നിന്നും ഇൻവോയ്സ് വാങ്ങിയിരുന്നു. എന്നാൽ വികലാംഗ ക്ഷേമ കോർപ്പറേഷനിൽ നിന്നും വാങ്ങുന്നതിന് അനുമതി നൽകികൊണ്ട് പ്രൊക്യൂർമെന്റ് കമ്മിറ്റിയും ബ്ലോക്ക് പഞ്ചായത്ത് കമ്മിറ്റിയുംഎടുത്ത തീരുമാനങ്ങൾ പരിശോധനയ്ക്ക് ഹാജരാക്കിയില്ല.

2) വികലാംഗക്ഷേമ കോർപ്പറേഷന് വികസന ഫണ്ട് മുൻകൂർ ആയി നൽകുന്നതിന് സർക്കാർ അനുമതി നൽകിയിട്ടില്ല. സർക്കാർ ഉത്തരവില്ലാതെ 2145000 രൂപ മുൻകൂർ നൽകിയത് നിർവ്വഹണ ഉദ്യോഗസ്ഥയുടെ ഭാഗത്തുനിന്നുണ്ടായ വീഴ്ചയാണ്.

3) ഭാവിയിൽ ചെലവ് വരുമെന്ന നിഗമനത്തിൽ മുൻകൂറായി തുക പിൻവലിക്കുവാനോ ഡിമാന്റ് ഡ്രാഫ്റ്റ് തുകകൾ 30ദിവസത്തിനകം കൈവശം സൂക്ഷിക്കുവാനോ പാടില്ല എന്ന് ധനവിനിയോഗ മാർഗ്ഗരേഖ പ്രകാരം നിഷ്കർഷിക്കുന്നു. 30ദിവസത്തിലധികമായി സൂക്ഷിക്കുന്ന ഡിമാന്റ് ഡ്രാഫ്റ്റുകൾ ട്രഷറി ചെലാൻ മുഖേന തിരിച്ചടക്കേണ്ടതാണ്. ഈ വ്യവസ്ഥകൾ ഒന്നും പാലിക്കാതെയാണ് 15/3/16ന് ഡിമാന്റ് ഡ്രാഫ്റ്റ് ആക്കിയ തുക 7/7/16 വരെ കൈവശം സൂക്ഷിച്ചത്. റീവാലിഡേറ്റ് ചെയ്ത ഡിമാന്റ്ഡ്രാഫ്റ്റ് 7/7/16-നാണ് വികലാംഗക്ഷേമ കോർപ്പറേഷൻ കൈപ്പറ്റിയിരിക്കുന്നത്. മഹീന്ദ്ര കമ്പിനിയുടെ സ്കൂട്ടർ(125സി.സി.) സൈഡ് വീൽ ഘടിപ്പിച്ച് നൽകാമെന്നാണ് ഇൻവോയിസിൽ കാണിച്ചിരിക്കുന്നത്.ഏത് മോഡൽ വാഹനമാണെന്ന് ഇൻവോയിസിൽ കാണിച്ചിട്ടില്ല.

4)സബ്സിഡി മാർഗ്ഗരേഖ പ്രകാരം വികലാംഗർക്കുള്ള ഉപകരണങ്ങൾ വിതരണം ചെയ്യുന്നതിനുള്ള അനുമതി മാത്രമാണ് വികലാംഗ കോർപ്പറേഷന് നൽകിയിട്ടുള്ളത്. വികലാംഗർക്കുള്ള ഉപകരണങ്ങളിൽ സൈഡ് വീലുള്ള സ്കൂട്ടർ ഉൾപ്പെടുന്നില്ല. കേന്ദ്ര മോട്ടോർ വാഹന നിയമം അദ്ധ്യായം 3 പ്രകാരം ട്രേഡ് സർട്ടിഫിക്കറ്റ് ഉള്ളവർക്ക് മാത്രമേ മോട്ടോർ വാഹനങ്ങളുടെ വ്യാപാരത്തിൽ ഏർപ്പെടാൻ കഴിയൂ. വികലാംഗക്ഷേമ കോർപ്പറേഷന് ട്രേഡ് സർട്ടിഫിക്കറ്റ് ഇല്ല. അതിനാൽ മോട്ടോർ വാഹന കച്ചവടത്തിൽ ഏർപ്പെടുന്നതിന് നിയമപരമായി അർഹയതയില്ല. അംഗീകൃത ഡീലർമാരിൽനിന്നും ടെണ്ടർ ക്ഷണിച്ച് വാഹനങ്ങൾ വാങ്ങുന്നതിന് പകരം വികലാംഗക്ഷേമ കോർപ്പറേഷനിൽ നിന്നും ടെണ്ടർ കൂടാതെ വാഹനങ്ങൾ വാങ്ങുന്നതിന് അഡ്വാൻസ് ആയി തുക നൽകിയത് തദ്ദേശഭരണ സ്ഥാപനങ്ങളുടെ വാങ്ങലിനായി 08.11.2010ലെ ജി.ഒ.(പി.)/259 /2010/ത.സ്വ.ഭ.വ.നമ്പർ ആയുള്ള മാർഗ്ഗരേഖയുടെ വ്യക്തമായ ലംഘനമാണ്. വികലാംഗക്ഷേമ കോർപ്പറേഷൻ വാഹന വ്യാപാരത്തിൽ ഒരു മദ്ധ്യവർത്തിയായി പ്രവർത്തിച്ച് കമ്മീഷൻ കൈപ്പറ്റുന്ന സംവിധാനത്തിന് പ്രോത്സാഹനമാണ് ബ്ലോക്ക്പഞ്ചായത്തിന്റെ ഭാഗത്തുനിന്നും ഉണ്ടായിട്ടുള്ളത്.

5)തെരഞ്ഞെടുത്ത ഗുണഭോക്താക്കൾ ഡ്രൈവിംഗ് ലൈസൻസ് ഉള്ളവരാണെന്ന് ഉറപ്പാക്കിയിട്ടില്ല.

പദ്ധതിയുടെ നിർവ്വഹണത്തിൽ ഗുരുതരമായ വീഴ്ച ഉണ്ടായതിനാൽ ബ്ലോക്ക് പഞ്ചായത്തിന്റെ പരിധിയിലുള്ള ഗ്രാമപഞ്ചായത്തുകളിൽ നിന്നും ഗ്രാമസഭ മുഖേന തെരഞ്ഞെടുത്ത ഗുണഭോക്താക്കൾക്ക് അർഹമായ ആനുകൂല്യം നിഷേധിക്കപ്പെടുന്ന അവസ്ഥയാണ് സംജാതമായത്. ഇത് സംബന്ധിച്ച് നൽകിയ ഓഡിറ്റ് അന്വേഷണത്തിന് (8/25.2.17) മറുപടിയായി സ്കൂട്ടറുകൾ അടിയന്തിരമായി ലഭ്യമാക്കാമെന്ന് വികലാംഗക്ഷേമ കോർപ്പറേഷൻ ഉറപ്പ് നൽകിയതായി ബ്ലോക്ക് പഞ്ചായത്ത് പ്രസിഡന്റും നിർവ്വഹണ ഉദ്യോഗസ്ഥയും അറിയിച്ചിട്ടുണ്ട്. ഓഡിറ്റ് തീയതിവരെയും സ്കൂട്ടറുകൾ ലഭിക്കാത്ത സാഹചര്യത്തിലും പ്രോജക്ട് നിർവ്വഹണത്തിലുണ്ടായ മറ്റ് അപാകതകളുടെ അടിസ്ഥാനത്തിലും ചെലവഴിച്ച 2145000 രൂപ ഓഡിറ്റിൽ തടസ്സപ്പെടുത്തുന്നു. ഈ വിഷയത്തിൽ ഭരണ വകുപ്പിന്റെ വിശദമായ അന്വേഷണത്തിന് ഓഡിറ്റ് ശുപാർശ ചെയ്യുന്നു.

## 3-4 സംയുക്ത പ്രോജക്ടുകൾക്കായി ഗ്രാമപഞ്ചായത്തുകൾക്ക് നൽകിയ 14.06 ലക്ഷം രൂപ നഷ്ടമായി

ബ്ലോക്ക് പഞ്ചായത്തിന്റെ പരിധിയിലുള്ള ഏഴംകുളം ഗ്രാമപഞ്ചായത്തിന് സംയുക്ത പ്രോജക്ടുകൾക്കായി നൽകിയ 1406947/-രൂപ യഥാസമയം ചെലവഴിക്കാത്തത് മൂലം നഷ്ടമായി. ഏനാദിമംഗലം ഗ്രാമപഞ്ചായത്തിന് ബഡ്സ് സ്കൂൾ കെട്ടിട നിർമ്മാണത്തിനായി നൽകിയ 26 ലക്ഷം രൂപ നാളിതുവരെ വിനിയോഗിച്ചിട്ടില്ല. കൊടുമൺ ഗ്രാമപഞ്ചായത്തിന് അംഗനവാടി കെട്ടിട നിർമ്മാണത്തിനായി നൽകിയ 4ലക്ഷം രൂപ ഗ്രാമപഞ്ചായത്തിന്റെ മറ്റ് പ്രോജക്ടുകൾക്കായി വകമാറ്റി ചെലവഴിച്ചിട്ടുണ്ട്. വിശദാംശം താഴെ കൊടുക്കുന്നു.

| വിഹിതം നൽകിയ ഗ്രാമപഞ്ചായത്ത് | പ്രോജക്റ്റിന്റെ വിശദാംശം | നൽകിയ തുക, ഡി.ഡി നമ്പർ/തീയതി | ഇപ്പോഴത്തെ അവസ്ഥ |
|---|---|---|---|

| | | | |
|---|---|---|---|
| ഏഴംകുളം | മൃഗാശുപത്രി കെട്ടിടം, | 606947/- 038472/1.2.12 | 19.09.15-ലെ GO (P) No. 419/2015/Fin ഉത്തരവ് പ്രകാരം ചെലവഴിക്കാതെ പബ്ലിക് അക്കൗണ്ടിലുണ്ടായിരുന്ന തുക 31.3.16-ൽ കൺസോളിഡേറ്റഡ് ഫണ്ടിലേക്ക് തിരിച്ചടച്ചു. പ്രോജക്ടിനായി നൽകിയ തുക നഷ്ടപ്പെട്ടു. |
| ഏഴംകുളം | പ്രാഥമിക ആരോഗ്യ ഉപകേന്ദ്രം, | 300000/- 872299/27.2.13 | 19.09.15-ലെ GO (P) No. 419/2015/Fin ഉത്തരവ് പ്രകാരം ചെലവഴിക്കാതെ പബ്ലിക് അക്കൗണ്ടിലുണ്ടായിരുന്ന തുക 31.3.16-ൽ കൺസോളിഡേറ്റഡ് ഫണ്ടിലേക്ക് തിരിച്ചടച്ചു. പ്രോജക്ടിനായി നൽകിയ തുക നഷ്ടപ്പെട്ടു. |
| ഏഴംകുളം | 17ാം നമ്പർ അംഗന വാടി പുനരുദ്ധാരണം, | 100000/- 822704/27.2.13 | 19.09.15-ലെ GO (P) No. 419/2015/Fin ഉത്തരവ് പ്രകാരം ചെലവഴിക്കാതെ പബ്ലിക് അക്കൗണ്ടിലുണ്ടായിരുന്ന തുക 31.3.16 ൽ കൺസോളിഡേറ്റഡ് ഫണ്ടിലേക്ക് തിരിച്ചടച്ചു. പ്രോജക്ടിനായി നൽകിയ തുക നഷ്ടപ്പെട്ടു. |
| ഏഴംകുളം | 28ാം നമ്പർ അങ്കണ വാടി കെട്ടിട നിർമ്മാണം, 400000 | 400000/- 874547/27.3.13 | 19.09.15-ലെ GO (P) No. 419/2015/Fin ഉത്തരവ് പ്രകാരം ചെലവഴിക്കാതെ പബ്ലിക് അക്കൗണ്ടിലുണ്ടായിരുന്ന തുക 31.3.16 ൽ കൺസോളിഡേറ്റഡ് ഫണ്ടിലേക്ക് തിരിച്ചടച്ചു. പ്രോജക്ടിനായി നൽകിയ തുക നഷ്ടപ്പെട്ടു. |
| കൊട്ടമൺ | 105ാം നമ്പർ അങ്കണ വാടി കെട്ടിട നിർമ്മാണം, | 400000/- 874545/27.3.13 | പബ്ലിക് അക്കൗണ്ടിലെ തുക ചെലവഴിച്ച് നീക്കിയിരിപ്പ് പൂജ്യമാക്കാനുള്ള നിർദ്ദേശത്തെ തുടർന്ന്, VPFA(II) അക്കൗണ്ടിൽ നിക്ഷേപിച്ചിരുന്ന തുക ഗ്രാമപഞ്ചായത്തിന്റെ പ്രോജക്ടുകൾക്കായി വകമാറ്റി. 105ാം നമ്പർ അങ്കണവാടിയുടെ നിർമ്മാണം എന്ന പ്രോജക്ട് നടപ്പിലായിട്ടില്ല |
| ഏനാദിമംഗലം | ബഡ്സ് സ്കൂൾ കെട്ടിട നിർമ്മാണം | 2600000/- 400951/14.12.15 | ഗ്രാമപഞ്ചായത്തിന്റെ തനത് ഫണ്ടിനായുള്ള ബാങ്ക് അക്കൗണ്ടിൽ നിക്ഷേപിച്ചിരിക്കുകയാണ്. പ്രവൃത്തി നാളിതുവരെ പൂർത്തീകരിച്ചിട്ടില്ല |
| ആകെ | | 4406947 | |

സംയുക്ത പ്രോജക്ടുകൾക്കായി നൽകിയ തുകയുടെ വിനിയോഗം കൃത്യമായി മോണിട്ടർ ചെയ്യാത്തതാണ് ഇത്തരത്തിൽ ഫണ്ട് നഷ്ടപ്പെടുവാൻ ഇടയാക്കിയത്. വികസന ഫണ്ട് പാഴായത് സംബന്ധിച്ചും കൊട്ടമൺ ഗ്രാമപഞ്ചായത്തിലെ അംഗനവാടിനിർമ്മാണം, ഏനാദിമംഗലം പഞ്ചായത്തിലെ ബഡ്സ് സ്കൂൾ കെട്ടിട നിർമ്മാണം എന്നിവ പൂർത്തീകരിക്കുന്നതിനും തുടർ നടപടികൾക്കായി ഭരണ വകുപ്പിന്റെ ശ്രദ്ധയിൽപ്പെടുത്തുന്നു.

## 3-5 വ്യവസായ വികസന ഓഫീസിലേക്ക് വാങ്ങിയ ഉപകരണങ്ങൾ ബ്ലോക്ക്പഞ്ചായത്ത് ഉപയോഗിക്കുന്നു

| | |
|---|---|
| പദ്ധതിയുടെ പേര് | വിട്ടുകിട്ടിയ സ്ഥാപനങ്ങൾക്ക് ഉപകരണങ്ങൾ വാങ്ങൽ<br>S0030/16 |
| നിർവ്വഹണം | സെക്രട്ടറി |
| അടങ്കൽ തുക | 1100000 (റോഡിതര മെയിന്റനൻസ് ഗ്രാന്റ്) |
| ചെലവ് തുക | 738885 |

ബ്ലോക്ക് പഞ്ചായത്തിന് വിട്ടുകിട്ടിയ സ്ഥാപനങ്ങളിൽ ആധുനിക സംവിധാനങ്ങളും സജ്ജീകരണങ്ങളും ഒരുക്കുന്നതിനും സ്ഥാപനങ്ങളുടെ സേവനം മെച്ചപ്പെടുത്തുന്നതിനും വേണ്ടി ഉപകരണങ്ങൾ വാങ്ങിക്കുന്നതിനാണ് റോഡിതര മെയിന്റനൻസ് ഫണ്ട് ചെലവഴിക്കേണ്ടത്. ഇതനുസരിച്ച് രൂപീകരിച്ച മേൽ പദ്ധതി പ്രകാരം 415110 രൂപ ചെലവഴിച്ച് (ബിൽ നം.21/15-16/MG/29.01.16) കെൽട്രോണിൽ നിന്ന് (ജനറൽ കമ്മിറ്റിയുടെ 24.12.2015-ലെ III(2) നമ്പർ തീരുമാനം) 8 കമ്പ്യൂട്ടറുകളും 4 ലേസർ പ്രിന്ററുകളും വാങ്ങിയിട്ടുണ്ട്. ഇതിൽ 7 കമ്പ്യൂട്ടറുകളും 3 ലേസർ പ്രിന്ററുകളും മാത്രമാണ് സ്റ്റോക്ക് രജിസ്റ്റർ പ്രകാരം, ബ്ലോക്ക്പഞ്ചായത്തിന് വിട്ടുകിട്ടിയ സ്ഥാപനങ്ങളായ ഏനാദിമംഗലം സി.എച്ച്.സി, അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനീയറുടെ കാര്യാലയം, ശിശുവികസന ഓഫീസറുടെ കാര്യാലയം എന്നിവയ്ക്ക് നൽകിയിട്ടുള്ളത്. പദ്ധതി പ്രകാരം വ്യവസായ വികസന ഓഫീസറുടെ കാര്യാലയത്തിലേക്ക് വാങ്ങിയ കമ്പ്യൂട്ടറും ലേസർ പ്രിന്ററും ബ്ലോക്ക്പഞ്ചായത്ത് സ്റ്റോക്കിൽ എടുത്തിട്ടുണ്ടെങ്കിലും സ്ഥാപനത്തിന് കൈമാറിയിട്ടില്ല. നിലവിൽ ടി ഉപകരണങ്ങൾ ബ്ലോക്ക്പഞ്ചായത്ത് ഓഫീസിൽ സ്ഥാപിച്ച് ഉപയോഗിച്ചുവരികയാണ്. വ്യവസായ വികസന ഓഫീസിലേക്ക് വാങ്ങിയ ഉപകരണങ്ങൾ സ്ഥാപനത്തിന് നൽകാതെ ബ്ലോക്ക്പഞ്ചായത്ത് ഉപയോഗിക്കുന്നതിന് വിശദീകരണം ആവശ്യപ്പെട്ടുകൊണ്ട് നൽകിയ ഓഡിറ്റ് അന്വേഷണത്തിന് മറുപടി ആയി ബ്ലോക്ക്പഞ്ചായത്തിലെ അടിയന്തിര സാഹചര്യം കണക്കിലെടുത്ത് ഉപയോഗിച്ച് വരുന്നതാണെന്നും 2016-17 വാർഷിക പദ്ധതിയിൽ ഉൾപ്പെടുത്തി വ്യവസായ വികസന ഓഫീസിലേക്ക് പുതിയ കമ്പ്യൂട്ടറും ലേസർ പ്രിന്ററും വാങ്ങി നൽകിയിട്ടുണ്ടെന്നും അറിയിച്ചു. വിട്ടുകിട്ടിയ സ്ഥാപനങ്ങളുടെ സേവനം മെച്ചപ്പെടുത്തുന്നതിന് റോഡിതര മെയിന്റനൻസ് ഫണ്ട് ഉപയോഗിച്ച് വാങ്ങിയ ഉപകരണങ്ങൾ ബ്ലോക്ക്പഞ്ചായത്ത് ഉപയോഗിക്കുന്നത് തെറ്റായ നടപടിയാണ്. ഇത്തരം അപാകതകൾ ഭാവിയിൽ ആവർത്തിക്കാതിരിക്കുവാൻ ശ്രദ്ധിക്കേണ്ടതാണ്.

## 3-6 വനിതാ ഗ്രൂപ്പുകൾക്ക് ജൈവ പച്ചക്കറിക്കൃഷി-പദ്ധതി നിർവ്വഹണത്തിലെ അപാകതകൾ

| | |
|---|---|
| പദ്ധതിയുടെ പേര് | വനിതാ ഗ്രൂപ്പുകൾക്ക് ജൈവ പച്ചക്കറി കൃഷി<br><br>S0104/16 |
| നിർവ്വഹണം | കൃഷി അസിസ്റ്റന്റ് ഡയറക്ടർ |
| അടങ്കൽ തുക | 649774 (വികസന ഫണ്ട്)<br><br>145250 (ഗുണഭോക്തൃ വിഹിതം) |
| ചെലവ് തുക | 649774, Bill No.ADA(P) 01/15-16 /28.3.16 |

പദ്ധതിയുടെ ഭാഗമായി, ബ്ലോക്ക്പഞ്ചായത്തിന്റെ പരിധിയിലുള്ള ഗ്രാമപഞ്ചായത്തുകളിലെ 87 വനിതാ ഗ്രൂപ്പുകൾക്ക് ജൈവ പച്ചക്കറി കൃഷിയ്ക്ക് ആനുകൂല്യം നൽകിയിട്ടുണ്ട്. 50 സെന്റ് സ്ഥലത്ത് പച്ചക്കറി കൃഷി ചെയ്യുന്ന ഗ്രൂപ്പിനെ ഒരു യൂണിറ്റായി കണക്കാക്കിയാണ് പദ്ധതി പ്രകാരം സബ്സിഡി നിശ്ചയിച്ചിട്ടുള്ളത്. പച്ചക്കറി വിത്ത്, ജൈവവളം, ജോലിക്കൂലി എന്നീ ഇനങ്ങൾക്കാണ് സബ്സിഡി നൽകുന്നതെന്ന് പ്രോജക്ടിൽ വ്യക്തമാക്കിയിട്ടുണ്ട്. പദ്ധതിയുടെ ചെലവ് രേഖകൾ പരിശോധിച്ചത് പ്രകാരം ചുവടെ ചേർക്കുന്ന അപാകതകൾ കാണുന്നു.

1. കൃഷിഭൂമിയെ സംബന്ധിച്ച യാതൊരു രേഖകളും ഫയലിൽ ലഭ്യമല്ല. ഗുണഭോക്താവിന്റെ തന്നെ ഭൂമിയിൽ കൃഷി ചെയ്യുന്ന സംഗതിയിൽ വസ്തുവിന്റെ കരമടച്ച രസീത്, പാട്ടക്കൃഷി ചെയ്യുന്ന സംഗതിയിൽ പാട്ടച്ചീട്ട് എന്നിവ പരിശോധനയ്ക്ക് ഹാജരാക്കിയിട്ടില്ല. കുടുംബശ്രീ യൂണിറ്റുകൾ സമർപ്പിച്ചിട്ടുള്ള അപേക്ഷകൾ മാത്രമാണ് പരിശോധനയ്ക്ക് ഹാജരാക്കിയിട്ടുള്ളത്.

2. പച്ചക്കറി വിത്ത്, ജൈവവളം, ജോലിക്കൂലി എന്നീ ഇനങ്ങൾക്കാണ് ആനുകൂല്യം നൽകുന്നതെന്ന് പ്രോജക്ടിൽ പറഞ്ഞിട്ടുണ്ടെങ്കിലും വിത്ത്, വളം എന്നിവ വാങ്ങിയതിന്റെ യാതൊരു രേഖകളും ഹാജരാക്കിയില്ല. ഇക്കാര്യങ്ങൾ നിർവ്വഹണ ഉദ്യോഗസ്ഥൻ പരിശോധിച്ച് ഉറപ്പുവരുത്തിയിട്ടുമില്ല.

3. ഗ്രൂപ്പുകൾ പച്ചക്കറിക്കൃഷി ചെയ്തതായി നിർവ്വഹണ ഉദ്യോഗസ്ഥൻ ഉറപ്പുവരുത്തിയിട്ടില്ല. ഇത് സംബന്ധിച്ച് മോണിട്ടറിംഗ് നടത്തിയതിന്റെ യാതൊരു റിപ്പോർട്ടുകളും ഫയലിൽ ലഭ്യമല്ല.

പദ്ധതി ആനുകൂല്യം നൽകിയിട്ടുള്ളത് വ്യക്തമായ രേഖകളുടേയും മോണിട്ടറിംഗിന്റെയും അഭാവത്തിലാണെന്ന് വ്യക്തമാണ്. കുടുംബശ്രീ യൂണിറ്റിന്റെ അപേക്ഷയും ബാങ്ക് പാസ്സ്ബുക്കിന്റെ പകർപ്പും മാത്രമാണ് ഫയലിൽ സൂക്ഷിച്ചിട്ടുള്ളത്. അപാകതകൾക്ക് വിശദീകരണം ആവശ്യപ്പെട്ടുകൊണ്ട് നൽകിയ ഓഡിറ്റ് അന്വേഷണത്തിന് മറുപടിയായി പാട്ടകൃഷി ചെയ്യുന്ന ഭൂമിയെ സംബന്ധിച്ച രേഖകൾ കുടുംബശ്രീ യൂണിറ്റുകൾക്ക് ലഭിയ്ക്കുവാൻ സാധിക്കാത്ത സാഹചര്യമായിരുന്നു ഉണ്ടായിരുന്നതെന്നും പച്ചക്കറി വിത്തുകളും വളവും ഗ്രൂപ്പുകൾ പ്രാദേശികമായി സംഭരിക്കുകയായിരുന്നുവെന്നും കൃഷി ചെയ്ത വിവരം ഉദ്യോഗസ്ഥർ ഉറപ്പുവരുത്തിയിരുന്നുവെന്നും കൃഷി അസിസ്റ്റന്റ് ഡയറക്ടർ അറിയിച്ചു. പാട്ടകൃഷി ചെയ്യുന്നവർക്ക് പാട്ടച്ചീട്ട് ലഭിക്കുവാൻ സാധിക്കാത്ത സാഹചര്യം ഓഡിറ്റിനെ ബോധ്യപ്പെടുത്താത്തതിനാലും കൃഷി ചെയ്ത വിവരം മോണിട്ടറിംഗ് നടത്തി സാക്ഷ്യപത്രം നൽകാതെ ഉദ്യോഗസ്ഥൻ ഉറപ്പ് വരുത്തിയിരുന്നുവെന്ന മറുപടി അംഗീകരിക്കാൻ കഴിയാത്ത സാഹചര്യത്തിലും ചെലവ് തുക 649774/- രൂപ ഓഡിറ്റിൽ തടസ്സപ്പെടുത്തുന്നു. ഈ വിഷയത്തിൽ വിശദമായ അന്വേഷണം നടത്തി നടപടി സ്വീകരിക്കുവാൻ ഭരണവകുപ്പിനോട് ശുപാർശ ചെയ്യുന്നു.

## 3-7 ഐ.എ.വൈ (എസ്.സി.പി)- അധികം കണ്ടെത്തേണ്ടത് 1.44 കോടി രൂപ

പട്ടികജാതിക്കാരായ ഐ.എ.വൈ ഗുണഭോക്താക്കൾക്ക് 2ലക്ഷം രൂപയുടെ ഭവന നിർമ്മാണ സബ്സിഡിയ്ക്ക് പുറമേ 2015-16 വർഷം പട്ടികജാതി വകുപ്പിന്റെ വിഹിതമായി 1 ലക്ഷം രൂപ കൂടി അനുവദിക്കുമെന്ന് സർക്കാർ പ്രഖ്യാപിച്ചിരുന്നു. എന്നാൽ പട്ടികജാതി വികസന വകുപ്പ് തുക നൽകാത്തതിനെ തുടർന്ന് സർക്കാർ പ്രഖ്യാപിച്ച ധനസഹായം ഗുണഭോക്താക്കൾക്ക് നൽകാൻ കഴിഞ്ഞിരുന്നില്ല. ആയതിനാൽ ജില്ലാപഞ്ചായത്തുകളും ബ്ലോക്ക് പഞ്ചായത്തുകളും ഗ്രാമപഞ്ചായത്തുകളും ചെലവഴിക്കാത്ത വികസനഫണ്ടിൽ നിന്നും ഒരു വീടിന് 30000,40000,30000 എന്ന ക്രമത്തിൽ ജി.ഒ പ്രോജക്ടായി തുക അനുവദിക്കണമെന്ന് സർക്കാർ നിർദ്ദേശിച്ചിരുന്നു. ബ്ലോക്ക് പഞ്ചായത്തിൽ 2015-16 വർഷം എസ്.സി.പി വിഭാഗത്തിലുള്ള 233 ഗുണഭോക്താക്കൾക്കാണ് ആനുകൂല്യം നൽകിയത് . പട്ടികജാതി വികസന വകുപ്പിന്റെ അധികസഹായമായി 23300000 രൂപ(233x100000) ആവശ്യമുണ്ടായിരുന്നു. 2016-17 വർഷം സർക്കാർ നിർദ്ദേശിച്ച വിഹിതം നൽകുന്നതിനായി ബ്ലോക്ക് പഞ്ചായത്ത് 8840000/രൂപ വികസന ഫണ്ടിൽ നിന്നും പിൻവലിച്ചിട്ടുണ്ട്. ജില്ലാപഞ്ചായത്ത് വിഹിതമായി 6990000/രൂപയും ബ്ലോക്ക് പഞ്ചായത്തിന്റെ കീഴിലുള്ള ഗ്രാമപഞ്ചായത്തുകളുടെ ആകെ വിഹിതമായി 6990000/രൂപയും ലഭിച്ചാൽ മാത്രമേ ഗുണഭോക്താക്കൾക്ക് അർഹമായ മുഴുവൻ ധനസഹായവും നൽകുവാൻ കഴിയൂ. ബ്ലോക്ക് പഞ്ചായത്ത് വിഹിതമായി 480000/രൂപ കൂടി കണ്ടെത്തേണ്ടതുണ്ട്. ഇപ്രകാരം 14460000 രൂപ അധികമായി കണ്ടെത്തേണ്ടതുണ്ട് (6990000+6990000+480000). ജില്ലാ/ഗ്രാമപഞ്ചായത്തുകൾ നാളിതുവരെ വിഹിതം നൽകിയിട്ടില്ല. ആയതിനാൽ തുക നൽകുന്നതിന് ജില്ലാ/ഗ്രാമപഞ്ചായത്തുകളോട് ആവശ്യപ്പെടേണ്ടതും അർഹമായ ധനസഹായം ഗുണഭോക്താക്കൾക്ക് ലഭ്യമാക്കാൻ അടിയന്തിര നടപടികൾ സ്വീകരിക്കേണ്ടതുമാണ്.

3-8

## 3-7 ഐ.എ വൈ ഭവന പദ്ധതി- നാളിതുവരെ നിർമ്മാണം പൂർത്തിയാക്കാത്ത വീടുകൾ 204

ഐ.എ വൈ ഭവന പദ്ധതിയിൽ 2011-12മുതൽ 2015-16 വരെ കാലയളവിൽ നിർമ്മാണം ആരംഭിച്ചതും നാളിതു വരെ പൂർത്തീകരിക്കാത്തതുമായ ഭവനങ്ങളുടെ വിശദ വിവരം ചുവടെ ചേർക്കുന്നു.

| വർഷം | കരാറിൽ ഏർപ്പെട്ടവർ | നിർമ്മാണം പൂർത്തീകരിച്ചവർ | അവശേഷിക്കുന്ന ഭവനങ്ങളുടെ നിലവിലെ നിർമ്മാണഘട്ടം | | | |
|---|---|---|---|---|---|---|
| | | | ബേസ് | ലിന്റൽ | റൂഫ് | ആകെ |
| 2011-12 | 528 | 504 | 10 | 9 | 5 | 24 |
| 2012-13 | 524 | 489 | 9 | 16 | 10 | 35 |
| 2013-14 | 439 | 402 | 10 | 17 | 10 | 37 |
| 2014-15 | 440 | 397 | 13 | 17 | 13 | 43 |
| 2015-16 | 456 | 391 | 26 | 28 | 11 | 65 |

ആകെ 204 വീടുകളുടെ നിർമ്മാണം പൂർത്തീകരിക്കാനുണ്ട്. ഭവന നിർമ്മാണം പൂർത്തിയാക്കാത്ത ഗുണഭോക്താക്കൾ ആയത് പൂർത്തിയാക്കുന്നതിനുള്ള നടപടി ബ്ലോക്ക് പഞ്ചായത്തിന്റെ ഭാഗത്തു നിന്നും സ്വീകരിക്കേണ്ടതാണ്. വീട് പണി പൂർത്തിയാക്കാത്തപക്ഷം നൽകിയ തുക പലിശ സഹിതം തിരികെ ഈടാക്കാൻ നടപടി സ്വീകരിക്കേണ്ടതാണ്.

## 3-8 പത്രപ്പരസ്യം -അർഹമായ ഡിസ്കൗണ്ട് നേടിയെടുക്കുന്നില്ല പത്രപ്പരസ്യം -അർഹമായ ഡിസ്കൗണ്ട് നേടിയെടുക്കുന്നില്ല

ഇൻഫർമേഷൻ & പബ്ളിക് റിലേഷൻ വകുപ്പിന്റെ 22.1.13-ലെ ജി.ഒ(പി)1/13/I &PRD നമ്പർ ഉത്തരവ്, 10.9.2014-ലെ ജി.ഒ(ആർ.ടി)288/14/I&PRDനം ഉത്തരവ് എന്നിവ പ്രകാരം വകുപ്പ് മുഖേനയോ നേരിട്ടോ മലയാള ദിനപ്പത്രങ്ങളിൽ അച്ചടിയ്ക്കായി നൽകുന്ന പരസ്യങ്ങൾക്ക് 15% ഡിസ്കൗണ്ട് അനുവദിക്കണമെന്ന് നിർദ്ദേശിച്ചിരുന്നു. എന്നാൽ എം.ജി.എം മീഡിയ വിഷൻ എന്ന ഏജൻസി മുഖേന പത്രപ്പരസ്യങ്ങൾ നൽകിയ ബ്ലോക്ക്പഞ്ചായത്ത് ഈ ആനുകൂല്യം പ്രയോജനപ്പെടുത്തിയില്ല. പത്രപ്പരസ്യം നൽകിയതിന്റെ വിശദാംശം താഴെ കൊടുക്കുന്നു.

| പരസ്യം നൽകിയ പത്രം | പരസ്യത്തിന്റെ വലിപ്പം(cm2), നിരക്ക്/cm2, തീയതി | നൽകിയ തുക | ചെക്ക് നം/ തീയതി |
|---|---|---|---|
| മലയാള മനോരമ | 48<br>190<br>8/12/14 | 9120 | 2751309/17.4.15 |
| മലയാള മനോരമ | 40<br>190<br>6/3/2015 | 7600 | |
| മലയാള മനോരമ | 40<br>220<br>31.7.15 | 8800 | 91787/3.10.15 |
| മലയാള മനോരമ | 40<br>220<br>25.6.15 | 8800 | |
| മലയാള മനോരമ | 22.8<br>220<br>19.9.15 | 5016 | 917303/12.11.15 |
| ദേശാഭിമാനി | 32<br>130<br>31.1.16 | 4160 | വൗച്ചർ നമ്പർ/തീയതി<br>21500531/15.2.16 |
| ദേശാഭിമാനി | 40<br>130<br>19.12.15 | 5200 | |
| ദേശാഭിമാനി | 80<br>130<br>30.1.16 | 10400 | |

| | | | |
|---|---|---|---|
| ആകെ | | 59096 | |

ഡിസ്കൗണ്ട് ആനുകൂല്യം പ്രയോജനപ്പെടുത്തിയിരുന്നുവെങ്കിൽ 8864/ രൂപ (59096x15%) പരസ്യ ചെലവിനത്തിൽ കുറവുണ്ടാകുമായിരുന്നു എന്നത് തുടർ നടപടികൾക്കായി ശ്രദ്ധയിൽപ്പെടുത്തുന്നു. തനത്ഫണ്ടിൽ നിന്നും ഇപ്രകാരം അധികച്ചെലവുണ്ടാകുന്നത് ഭാവിയിൽ ഒഴിവാക്കേണ്ടതാണ്.

## 3-9 ഗുണഭോക്തൃ സമിതി ഏറ്റെടുത്ത പ്രവൃത്തി നടപ്പാക്കിയില്ല

ഏഴംകുളം ഗ്രാമ പഞ്ചായത്തിലെ വാർഡ് 3 ൽ ഉൾപ്പെട്ട മുരുകൻ കുന്ന് കോളനി റോഡ് പുനരുദ്ധാരണ പ്രവൃത്തി ഏറ്റെടുത്ത ഗുണഭോക്തൃസമിതി നാളിതുവരെ പ്രവൃത്തി നടപ്പാക്കിയില്ല.

2012-13 ൽ 500000 രൂപ വികസന ഫണ്ട് (എസ്.സി.പി) വകയിരുത്തി ആവിഷ്ക്കരിച്ച് ഗുണഭോക്തൃസമിതി മുഖേന നടപ്പാക്കാനുദ്ദേശിച്ച മേൽ പ്രവൃത്തി തൻ വർഷവും 2013-14 ൽ സ്പിൽ ഓവർ അംഗീകാരം വാങ്ങിയപ്പോഴും ഗുണഭോക്തൃസമിതി ചേർന്ന് ഏറ്റെടുത്തിരുന്നില്ല. 2014-15 ൽ വീണ്ടും അംഗീകാരം വാങ്ങിയ പ്രസ്തുത പ്രവൃത്തി ശ്രീ.രാജൻ, ചരുവിള വീട്, തൊട്ടുവയൽ, ഏഴംകുളം കൺവീനറായുള്ള ഗുണഭോക്തൃസമിതി അസി. എക്സി. എഞ്ചിനിയറുമായി കരാറിലേർപ്പെട്ട് 14-10-2014 ൽ ഏറ്റെടുത്തു (നം. 32/AEE/LSGD/14-15). സംരക്ഷണ ഭിത്തി, ഐറിഷ് ഡ്രയിൻ നിർമ്മാണം, റോഡ് കോൺ ക്രീറ്റിംഗ് എന്നീ ഇനങ്ങൾ ഉൾപ്പെട്ടിരുന്ന പ്രവൃത്തി നാളിതുവരെ നടപ്പാക്കിയിട്ടില്ല. 31-01-2015 ൽ പൂർത്തീകരണ കാലാവധി അവസാനിക്കുന്ന മേൽ പ്രവൃത്തി ആരംഭിച്ചിട്ടില്ലാത്തതു ചൂണ്ടിക്കാട്ടി 28-01-2015 ൽ അസി. എക്സി. എഞ്ചിനിയർ കൺവീനർക്ക് കത്ത് നൽകിയിരുന്നു. പ്രവൃത്തി പൂർത്തീകരിക്കാത്ത പക്ഷം പിഴ ചുമത്തുന്നതും തുടർ നടപടികൾ സ്വീകരിക്കുന്നതുമാണെന്ന് കാണിച്ചുകൊണ്ട് 16-03-2015, 20-08-2015, 03-10-2016 എന്നീ തീയതികളിലും കത്ത് നൽകിയിരുന്നുവെങ്കിലും കൺവീനറുടെ ഭാഗത്തു നിന്നും യാതൊരു പ്രതികരണവും ഉണ്ടായില്ല. തുടർന്ന് 06-10-2016 ൽ വിശദീകരണം നൽകുന്നതിനായി കൺവീനർ നേരിട്ട് ഹാജരാകുന്നതിന് കത്ത് നൽകിയിരുന്നുവെങ്കിലും ടിയാൻ ഹാജരായില്ല. പ്രസ്തുത വിവരം പ്രസിഡണ്ടിനെ അറിയിച്ചതിന്റെ അടിസ്ഥാനത്തിൽ 26-12-2016 ൽ ചേർന്ന ബ്ലോക്ക് പഞ്ചായത്ത് കമ്മിറ്റി ഈ വിഷയം ചർച്ച ചെയ്തു. ഇനിയും സ്പിൽ ഓവറായി പ്രവൃത്തി തുടരുന്നതിൽ അർത്ഥമില്ലെന്ന് കമ്മിറ്റി തീരുമാനിച്ചതിന്റെ അടിസ്ഥാനത്തിൽ കൺവീനർക്ക് എന്തെങ്കിലും ബോധിപ്പിക്കാനുണ്ടെങ്കിൽ 7 ദിവസത്തിനകം നേരിട്ട് ഹാജരാകണമെന്ന് കാണിച്ചുകൊണ്ട് 03-01-2017 ൽ കത്ത് നൽകിയിരുന്നുവെങ്കിലും ടിയാൻ ഹാജരായില്ല. ഈ സാഹചര്യത്തിൽ പൊതുമരാമത്ത് മാന്വൽ അനുശാസിക്കുന്ന വിധം കരാർ റദ്ദ് ചെയ്യേണ്ടതും 2014 DSR അനുസരിച്ച് എസ്റ്റിമേറ്റ് പുതുക്കുമ്പോഴുണ്ടാകുന്ന അധികച്ചെലവ് ഗുണഭോക്തൃസമിതിയിൽ നിന്നും ഈടാക്കി സമിതിയുടെ നഷ്ടോത്തരവാദിത്വത്തിൽ പ്രവൃത്തി നടപ്പാക്കുന്നതിന് ഭരണ സമിതി തീരുമാനം കൈക്കൊള്ളേണ്ടതുമാണ്.

## 3-10 നിർമ്മാണത്തൊഴിലാളി ക്ഷേമനിധി വിഹിതം കൈപ്പറ്റിയതിന്റെ ഔദ്യോഗിക രസീതില്ല

2015-16 സാമ്പത്തിക വർഷം അസി.എക്സി. എഞ്ചിനിയർ നിർവ്വഹണ ഉദ്യോഗസ്ഥയായി നടപ്പാക്കിയ പ്രവൃത്തികളുടെ ബില്ലിൽ നിന്നും ഈടാക്കിയ നിർമ്മാണത്തൊഴിലാളി ക്ഷേമനിധി വിഹിതം ക്ഷേമ നിധി ബോർഡിൽ ഒടുക്കിയത് ബോർഡ് സെക്രട്ടറി കൈപ്പറ്റിയതായി രേഖയില്ല. അസി.എക്സി.എഞ്ചിനിയർ ലഭ്യമാക്കിയ വിവരത്തിന്റെ അടിസ്ഥാനത്തിൽ പ്രസ്തുത വർഷം ചെലവുള്ള 28പ്രവൃത്തികളുടെ ബില്ലിൽ നിന്നും പിടിച്ച വിഹിതം ഡിമാന്റ് ഡ്രാഫ്റ്റ് ആയി സെക്രട്ടറിയുടെ പേരിൽ വിവിധ തീയതികളിൽ അയച്ചുകൊടുത്തിരുന്നു.ഡിമാന്റ് ഡ്രാഫ്റ്റ് “account payee“ ആയിട്ടല്ല അയച്ചിട്ടുള്ളത്. വിശദാംശം ചുവടെ ചേർക്കുന്നു.

| ഒടുക്കിയ മാർഗ്ഗം | അയച്ച തീയതി | ക്ഷേമനിധി തുക |
|---|---|---|
| ഡിമാന്റ് ഡ്രാഫ്റ്റ് | 03-09-2015 | 18235 |
| -ടി- | 01-02-16 | 9046 |
| -ടി- | 23-05-16 | 88604 |
| -ടി- | 03-05-16 | 14488 |
| ആകെ | | 130373 |

ടി 130373/-രൂപ ബോർഡ് സെക്രട്ടറിയുടെ അക്കൗണ്ടിലേക്ക് ക്രഡിറ്റ് ചെയ്തിട്ടുണ്ടോ എന്ന് അന്വേഷിച്ച് ഉറപ്പ് വരുത്തി വിവരം റിപ്പോർട്ട് ചെയ്യേണ്ടതാണ്.

## 3-11 കരാറുകാർ വാറ്റ് ബാധ്യത സർട്ടിഫിക്കറ്റ് ഹാജരാക്കുന്നില്ല

വാണിജ്യ നികുതി കമ്മീഷണറുടെ 31-03-2011ലെ 5/2011 നം. സർക്കുലർ പ്രകാരം കരാറുകാർക്ക് പാർട്ട് ബിൽ / ഫൈനൽ ബിൽ തുക നൽകുമ്പോൾ വാണിജ്യ നികുതി വകുപ്പിൽ നിന്നും നൽകുന്ന ഫോറം 1EE പ്രകാരമുള്ള ബാദ്ധ്യതാ സർട്ടിഫിക്കറ്റ് ഹാജരാക്കുവാൻ ആവശ്യപ്പെടേണ്ടതും ആയത് പ്രകാരം ടി.ഡി.എസ് ഈടാക്കേണ്ടതുമാണ്. അല്ലാത്ത പക്ഷം 2003 ലെ കേരള മൂല്ല്യ വർദ്ധിത നിയമം സെക്ഷൻ 10(2),2(എ),(11)എ,ബി എന്നിവ പ്രകാരം സ്രോതസ്സിൽ നിന്നും നികുതി ഈടാക്കി സർക്കാരിലേക്ക് ഓൺലൈനായി അടവാക്കേണ്ടതാണ്. എന്നാൽ കരാറുകാർ നടപ്പാക്കുന്ന പ്രവൃത്തികളുടെ കാര്യത്തിൽ മേൽത്തരത്തിലുള്ള സർട്ടിഫിക്കറ്റ് ആവശ്യപ്പെടുകയോ ഹാജരാക്കുകയോ ചെയ്യുന്നില്ല. 2015-16 വർഷത്തേക്ക് നികുതി കോമ്പൗണ്ട് ചെയ്തതിന്റെ 1E സർട്ടിഫിക്കറ്റ് മാത്രമാണ് കരാറുകാർ ഹാജരാക്കുന്നത്. ആയതിന്റെ അടിസ്ഥാനത്തിൽ കോമ്പൗണ്ടിംഗ് നിരക്കിൽ വാറ്റ് ഈടാക്കി ഒടുക്കുകയാണ് ചെയ്യുന്നത്. ഭാവിയിൽ ബാദ്ധ്യതാ സർട്ടിഫിക്കറ്റ് ഹാജരാക്കുന്നതിന്റെ അടിസ്ഥാനത്തിൽ മാത്രം വാറ്റ് ഈടാക്കി ഒടുക്കുന്നതിന് നടപടി സ്വീകരിക്കേണ്ടതാണ്.

## 3-12 മണ്ണടി വേലുത്തമ്പി സ്മാരക വളപ്പിൽ ടോയിലറ്റ് നിർമ്മാണം - പ്രത്യേക ഉത്തരവ് ഇല്ലാതെ ബ്ലോക്ക് പഞ്ചായത്ത് പ്രോജക്ട് ഏറ്റെടുത്തത് ക്രമ വിരുദ്ധം

കടമ്പനാട് ഗ്രാമ പഞ്ചായത്തിലെ മണ്ണടി വേലുത്തമ്പി സ്മാരക വളപ്പിൽ രണ്ട് യൂണിറ്റ് ടോയിലറ്റ് നിർമ്മാണത്തിന് ബ്ലോക്ക് പഞ്ചായത്ത് 2014-15ലെ വാർഷിക പദ്ധതിയിൽ പ്രോജക്ട് ഏറ്റെടുത്തത് ക്രമപ്രകാരമല്ല.

ബ്ലോക്ക് പഞ്ചായത്തിന്റെയോ ഗ്രാമ പഞ്ചായത്തിന്റെയോ ആസ്തിയല്ലാത്തതും സാംസ്കാരിക വകുപ്പിന്റെ കീഴിൽ വരുന്നതുമായ ടി സാംസ്കാരിക സ്ഥാപനത്തിന് ആവശ്യമായ ടോയിലറ്റ് നിർമ്മാണം ബ്ലോക്ക് പഞ്ചായത്ത് പ്രത്യേക ഉത്തരവിന്റെ അടിസ്ഥാനത്തിലാണോ ഏറ്റെടുത്തിട്ടുള്ളതെന്ന് വ്യക്തമാക്കിയിട്ടില്ല. ബ്ലോക്ക് പഞ്ചായത്തിന് വിട്ടുകിട്ടിയ സ്ഥാപനങ്ങൾക്കോ അഥവ ഗ്രാമ പഞ്ചായത്തിന് വിട്ടുകിട്ടിയ സ്ഥാപനങ്ങൾക്ക് സംയുക്തമായോ മാത്രമേ വാർഷിക പദ്ധതിയിൽ പ്രോജക്ട് ഏറ്റെടുക്കാവൂ എന്നിരിക്കെ 400000/-രൂപ ശുചിത്വ മിഷൻ ഫണ്ട് വകയിരുത്തി ടി സ്ഥാപനത്തിന് ടോയിലറ്റ് നിർമ്മാണത്തിന് ബ്ലോക്ക് പഞ്ചായത്ത് പ്രോജക്ട് (S0108/15) ഏറ്റെടുത്തത് ക്രമ വിരുദ്ധമാണ്. ക്രമവിരുദ്ധമായി പദ്ധതി ഏറ്റെടുത്തത് ബ്ലോക്ക് പഞ്ചായത്ത് ഭരണസമിതിയും നിർവ്വഹണഉദ്യോഗസ്ഥയും ഒരുപോലെ ഉത്തരവാദികളാണ്.

ശ്രീ.നീലകണ്ഠൻ പോറ്റി കൺവീനറായുള്ള ഗുണഭോക്തൃസമിതി 16-03-2015 ൽ എഗ്രിമെന്റ് വച്ച് ഏറ്റെടുത്ത ടി പ്രവൃത്തി സ്പിൽ ഓവർ അഗീകാരത്തോടെ (55/16) 16-09-2015 ൽ പൂർത്തീകരിച്ചു. അളവ് പുസ്തകം 02/15-16 പ്രകാരം 377358/- രൂപയുടെ പ്രവൃത്തിമൂല്ല്യം കണക്കാക്കി നികുതികൾ ഉൾപ്പെടെ 400000/- രൂപ ടി പ്രവൃത്തിക്കായി ചെലവഴിച്ചിട്ടുണ്ട്(ചെക്ക് നം.006960/20-01-16).

സർക്കാരിന്റെ മുൻകൂർ അനുമതിയോടെയാണോ പ്രവൃത്തി ഏറ്റെടുത്തതെന്ന് വ്യക്തമാക്കുന്നതിനായി ഓഡിറ്റ് അന്വേഷണ കുറിപ്പ് (07/23-02-17) നൽകിയതിന് യാതൊരു മറുപടിയും നിർവ്വഹണ ഉദ്യോഗസ്ഥ ലഭ്യമാക്കിയില്ല. സർക്കാരിൽ നിന്നും പ്രത്യേക ഉത്തരവ് ലഭ്യമാക്കാതിരുന്ന സാഹചര്യത്തിൽ മേൽ പ്രോജക്ടിനായി ചെലവഴിച്ച 400000/- രൂപ തടസ്സപ്പെടുത്തുന്നു.ഈ വിഷയത്തിൽ ഭരണവകുപ്പിൽ നിന്നും സത്വര അന്വേഷണവും നടപടിയും ഉണ്ടാകേണ്ടത് അനിവാര്യമാണ്.

## 3-13 കമ്മ്യൂണിറ്റി ഹെൽത്ത് സെന്ററിലെ നിർമ്മാണ പ്രവൃത്തികൾ ലക്ഷ്യത്തിൽ എത്തുന്നതിന് കാലതാമസം

ബ്ലോക്ക് പഞ്ചായത്തിന് വിട്ടുകിട്ടിയ സ്ഥാപനമായ ഏനാദിമംഗലം കമ്മ്യൂണിറ്റി ഹെൽത്ത് സെന്ററിൽ വിവിധ വർഷങ്ങളിലായി വികസന ഫണ്ട്, റോഡിതര മെയിന്റനൻസ് ഫണ്ട് എന്നിവയിൽ നിന്നും ലക്ഷങ്ങൾ ചെലവഴിച്ച് നടപ്പാക്കിയ നിർമ്മാണ പ്രവൃത്തികൾ ലക്ഷ്യത്തിലെത്തിയിട്ടില്ല.

രോഗികളുടെ കിടത്തിച്ചികിത്സക്കായി 2012-13ൽ നിർമ്മിച്ച വാർഡ് കെട്ടിടത്തിന്റെ വൈദ്യുതീകരണം പൂർത്തീകരിച്ചിട്ടില്ലാത്തതിനാൽ ഇപ്പോഴും വെറുതെ കിടക്കുന്നു. 2016-17 ലെ വാർഷിക പദ്ധതി പ്രകാരം പ്രസ്തുത കെട്ടിടത്തിലെ വൈദ്യുതീകരണത്തിനായി ബ്ലോക്ക് പഞ്ചായത്ത് സെക്രട്ടറി നിർവ്വഹണ ഉദ്യോഗസ്ഥനായി ആവിഷ്കരിച്ച പ്രോജക്റ്റിന്റെ അടിസ്ഥാനത്തിൽ പൊതുമരാമത്ത് വൈദ്യുത വിഭാഗം ഡെപ്പോസിറ്റ് വർക്കായി ഇലക്ട്രിക്കൽ പ്രവൃത്തികൾ ഇപ്പോൾ നടപ്പാക്കിക്കൊണ്ടിരിക്കുന്നു. സ്റ്റാഫ് ക്വോർട്ടേഴ്സിന്റെ അറ്റകുറ്റപ്പണികൾക്കും എക്സ് റേ യൂണിറ്റ് സ്ഥാപിക്കുന്നതിനുള്ള കെട്ടിടത്തിന്റെ പുനരുദ്ധാരണം നടത്തുന്നതിനുമായി 2014-15 -ൽ ആവിഷ്കരിച്ച പ്രോജക്റ്റ് 2015-16 -ൽ സ്പിൽ ഓവറായി പൂർത്തീകരിച്ചുവെങ്കിലും ഡിപ്പാർട്ട്മെന്റ് നേരിട്ട് സ്ഥാപിക്കുന്ന എക്സ് റേ യൂണിറ്റ് നാളിതുവരെയായിട്ടും സ്ഥാപിച്ചിട്ടില്ല. ചെലവിന്റെ വിശദാംശം ചുവടെ ചേർക്കുന്നു.

| പ്രവൃത്തിയുടെ പേര് | കൺവീനർ/കരാറുകാരൻ | അടങ്കൽ തുക | ചെലവഴിച്ച തുക | തീയതി |
|---|---|---|---|---|
| സി.എച്ച്.സി നവീകരണം(120/13) | സേതുകുമാർ | 1000000 | 424000 | 31-03-14 |
| സി.എച്ച്.സി സാനിട്ടേഷൻ(99/12-13) | പി.കെ.മോഹനൻ | 600000 | 580489 | 31-03-15 |
| സി.എച്ച്.സി വാർഡ്(79/13-14)<br><br>കെട്ടിടം അനുബന്ധ പ്രവൃത്തി | കെ.ജി.വിത്സൺ | 1900000 | 1689878 | 28-11-14 |
| സി.എച്ച്.സി നവീകരണം(87/13) | വിനോദ്കുമാർ | 500000 | 477035 | 19-02-15 |
| ഏനാദിമംഗലം സി.എച്ച്.സി സ്റ്റാഫ് ക്വോർട്ടേഴ്സിന്റെ അറ്റകുറ്റപ്പണികളും എക്സ് റേ യൂണിറ്റ് സ്ഥാപിക്കുന്നതിനുള്ള കെട്ടിടത്തിന്റെ പുനരുദ്ധാരണവും (54/16) | വിനോദ്കുമാർ | 1000000 | 977440 | 31-03-16 |
| ആകെ | | | 4148842 | |

കമ്മ്യൂണിറ്റി ഹെൽത്ത് സെന്ററിന് വേണ്ടി ലക്ഷങ്ങൾ ചെലവഴിക്കുന്ന പദ്ധതികൾ ലക്ഷ്യം കൈവരിക്കുന്നതിന് വർഷങ്ങളുടെ കാലതാമസം നേരിടുന്നത് രോഗികൾക്ക് മെച്ചപ്പെട്ട ചികിത്സാസൗകര്യം യഥാസമയം ലഭിക്കുന്നതിന് തടസ്സമാകുന്നു. സമയബന്ധിതമായി പദ്ധതികൾ നടപ്പിലാക്കുന്നതിന് ഭരണസമിതി അടിയന്തിര പ്രാധാന്യം നൽകേണ്ടതാണ്.

# ഭാഗം-4

# പൊതു വിവരങ്ങളും ഓഡിറ്റ് പ്രത്യവലോകനവും

## 4-1 ഡെപ്പോസിറ്റ് വർക്കിനു നൽകിയ തുകയുടെ വിവരങ്ങൾ

ഓഡിറ്റ് വർഷം ഡിപ്പോസിറ്റ് വർക്കുകൾക്ക് തുകയൊന്നും നൽകിയിട്ടില്ല

## 4-2 മൊബിലൈസേഷൻ അഡ്വാൻസ് നൽകിയതിന്റെ വിവരം

ഓഡിറ്റ് വർഷം മരാമത്ത് പ്രവൃത്തികളുടെ മൊബിലൈസേഷൻ അഡ്വാൻസായി ഗുണഭോക്തൃസമിതികൾക്ക് തുക ഒന്നും നൽകിയിട്ടില്ല.

## 4-3 വായ്പ/വായ്പ തിരിച്ചടവ്

| വായ്പയുടെ പേര് / ഉദ്ദേശ്യം | സാമ്പത്തിക വർഷം | ഉത്തരവ് നമ്പർ / തീയതി | വായ്പ തുക | വർഷാരംഭത്തിൽ തിരിച്ചടയ്ക്കാൻ ബാക്കിയുണ്ടായിരുന്ന തുക | തൻ വർഷം തിരിച്ചടച്ച തുക | | വർഷാവസാനം തിരിച്ചടയ്ക്കാൻ ബാക്കിയുണ്ടായിരുന്ന തുക |
|---|---|---|---|---|---|---|---|
| | | | | | മുതൽ | പലിശ | |
| IAY ഭവനപദ്ധതി | 2015-16 | സ.ഉ.നം5675/ബി2/2013തീ.31.05.13 | 5000000 | 5398082 | 3954510 | 750000 | 1443572 |

## 4-4 സ്ഥിരനിക്ഷേപങ്ങൾ

ഇല്ല

## 4-5 ഓഡിറ്റ് റിക്കവറി

1. ഓഡിറ്റ് വേളയിൽ കണ്ടെത്തുന്ന അടവിൽ കുറവ്/അധികച്ചെലവ് എന്നിവയുടെ തിരിച്ചടവ്

ഇല്ല

2. മുൻ ഓഡിറ്റ് റിപ്പോർട്ടുകൾ പ്രകാരമുള്ള റിക്കവറി

ഇല്ല

## 4-6 സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഓഡിറ്റ് ഖണ്ഡികകളുടെ വിശദാംശം

| ഓഡിറ്റ് വർഷം | ഖണ്ഡിക | സമാഹൃത റിപ്പോർട്ട് വർഷം | വിഷയം | ഇപ്പോഴത്തെ അവസ്ഥ |
|---|---|---|---|---|
| 2003-04 | 2-8 | 2007-08 | പാറക്കുഴി-പറമ്പിക്കുഴി ഏലാ ബണ്ട് നിർമ്മാണം പൂർത്തിയാക്കാത്തത് സംബന്ധിച്ച് | 2007-08 സാമ്പത്തിക വർഷം ടി പ്രവർത്തി പൂർത്തീകരിച്ചതായി കാണിച്ചുകൊണ്ട് സർക്കാരിലേക്ക് 06.12.14 ൽ മറുപടി നല്കിയിട്ടുണ്ട്. |
| 2006-07 | 2-1 | 2006-07 | വനിതാക്ഷേമം(ജനറൽ, എസ്.സി.പി) പദ്ധതി ലക്ഷ്യത്തിൽ മാറ്റം വരുത്തി നടപ്പിലാക്കി | നിയമസഭാസമിതിയുടെ പരിഗണനയിലാണ് |
| | 2-2 | " | വനിതാ ക്ഷേമം തയ്യൽ മെഷീൻ വിതരണം നടത്താത്തത് സംബന്ധിച്ച് | " |
| | 2-6 | " | വൃദ്ധർ വികലാംഗക്ഷേമം പദ്ധതി നടത്തിപ്പിലെ അപാകതകൾ | " |

## 4-7 ഓഡിറ്റ് പ്രത്യവലോകനം

(എ) സംക്ഷിപ്ത വിവരം

| | |
|---|---|
| ഓഡിറ്റ് വർഷത്തെ ആകെ വരവ് (മുന്നിരിപ്പ് തുക ഉൾപ്പെടെ) | 183585101 |
| ഓഡിറ്റ് വർഷത്തെ ആകെ ചെലവ് | 148244920 |
| വരവിനങ്ങളിലുള്ള നഷ്ടം | ഇല്ല |
| ചെലവിനങ്ങളിലുള്ള നഷ്ടം/ഓഡിറ്റിൽ അംഗീകരിക്കാത്ത തുക | ഇല്ല |
| ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക | 3194774 |

(ബി) ബ്ലോക്ക് പഞ്ചായത്ത് ഫണ്ടിനുണ്ടായ വ്യക്തമായ നഷ്ടത്തിന്റെ വിവരം

| ഖണ്ഡിക നമ്പർ | നഷ്ടമായ തുക | | ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും |
|---|---|---|---|
| | ചാർജ് ചെയ്യാവുന്നവ | സർചാർജ് ചെയ്യാവുന്നവ | |
| ഇല്ല | | | |

(സി) ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക

| ഖണ്ഡിക നമ്പർ | തുക | ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും |
|---|---|---|
| 3-3 | 2145000 | ശ്രീമതി.ഷക്കീല ബീവി എൻ, സി.ഡി.പി.ഒ , പറക്കോട് |
| 3-6 | 649774 | ശ്രീ.സുരേഷ് കുമാർ കെ.വി, കൃഷി അസിസ്റ്റന്റ് ഡയറക്ടർ |
| 3-12 | 400000 | ശ്രീമതി.മായ ആർ,അസി.എക്സി.എൻജിനീയർ |
| ആകെ | 3194774 | |

(ഡി) കേന്ദ്ര-സംസ്ഥാന സർക്കാരുകൾ, മറ്റു സ്ഥാപനങ്ങൾ എന്നിവയ്ക്കുണ്ടായ നഷ്ടത്തിന്റെ വിവരം

ഇല്ല

(ഇ) നഷ്ടം നിജപ്പെടുത്താൻ കൂടുതൽ അന്വേഷണം ആവശ്യമായവ

ഇല്ല

(എഫ്) റിപ്പോർട്ടിൽ പ്രതിപാദിച്ചിരിക്കുന്ന നഷ്ടത്തിനുത്തരവാദികളായവരുടെ സ്ഥിരം മേൽവിലാസങ്ങൾ

| പേരും ഉദ്യോഗപ്പേരും | ഓഡിറ്റ് നടന്ന സമയത്തെ ഔദ്യോഗിക മേൽവിലാസം | സ്ഥിരം മേൽവിലാസം |
|---|---|---|
| ശ്രീമതി ഷക്കീല ബീവി എൻ | സി.ഡി.പി.ഒ, പറക്കോട് ബ്ലോക്ക് പഞ്ചായത്ത് | നെസ്റ്റ്, കിഴക്കം ഭാഗം, ചിതറ(പി.ഒ), കൊല്ലം |
| സുരേഷ് കുമാർ കെ.വി, കൃഷി അസിസ്റ്റന്റ് ഡയറക്ടർ | കൃഷി അസിസ്റ്റന്റ് ഡയറക്ടർ, പറക്കോട് ബ്ലോക്ക് പഞ്ചായത്ത് | ഗീതാഞ്ജലി, പറക്കോട്(പി.ഒ) അടൂർ. |
| മായ ആർ, അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എൻജിനീയർ | അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എൻജിനീയർ, പറക്കോട് ബ്ലോക്ക് പഞ്ചായത്ത് | പട്ടീരേത്ത് ഹൗസ്, ഇലവുംതിട്ട(പി.ഒ), പത്തനംതിട്ട |

## 4-8 തീർപ്പാക്കാൻ അവശേഷിക്കുന്ന റിപ്പോർട്ടുകൾ

| ഓഡിറ്റ് വർഷം | ഈ വകുപ്പിൽ നിന്നും പുറപ്പെടുവിച്ച ഏറ്റവും ഒടുവിലത്തെ കത്തിടപാടിന്റെ വിവരം |
|---|---|
| 1995-96 മുതൽ 1997-98 വരെ | എൽ.എഫ്.പി.റ്റി.എ/പി5/152/99 തീ.06.08.99 |
| 1998-99 | എൽ.എഫ്.പി.റ്റി.എ/പി5/207/2000, തീ.07.08.00 |
| 1999-00 | എൽ.എഫ്.പി.റ്റി.എ/പി5/580/00, തീ.07.02.11 |
| 2000-01 | എൽ.എഫ്.പി.റ്റി.എ/പി5/624/02, തീ.04.01.03 |
| 2001-02 | എൽ.എഫ്.പി.റ്റി.എ/പി5/301/04, തീ.09.08.04 |
| 2002-03 | എൽ.എഫ്.പി.റ്റി.എ/പി6/70/06, തീ.15.09.06 |
| 2003-04 | എൽ.എഫ്.പി.റ്റി.എ/പി6/940/06, തീ.09.07.07 |
| 2004-05 | എൽ.എഫ്.പി.റ്റി.എ/പി6/877/06, തീ.06.12.07 |
| 2005-06 | എൽ.എഫ്.പി.റ്റി.എ/പി6/878/06, തീ.11.12.07 |
| 2006-07 | എൽ.എഫ്.പി.റ്റി.എ/പി6/561/08, തീ.13.03.09 |
| 2007-08 | എൽ.എഫ്.പി.റ്റി.എ/പി3/891/09 തീ. 25.03.10 |
| 2008-09 | എൽ.എഫ്.പി.റ്റി.എ/പി2/29/11 തീ. 11.05.11/11.07.11 |
| 2009-10 | എൽ.എഫ്.പി.റ്റി.എ/പി2/30/11 തീ. 10.10.11/16.03.12 |
| 2010-11& 2011-12 | എൽ.എഫ്.പി.റ്റി.എ/പി2/236/13 തീ. 30.11.13/13.12.13 |
| 2012-13 | എൽ.എഫ്.പി.റ്റി.എ/പി2/226/14 തീ.09.05.14 |
| 2013-14 | എൽ.എഫ്.പി.റ്റി.എ/പി2/256/15 തീ.13.07.15 |
| 2014-15 | കെ.എസ്.എ.പി.റ്റി.എപി2/1012/16 തീ.07.09.16 |

അവശേഷിക്കുന്ന റിപ്പോർട്ടുകളിലെ തടസ്സങ്ങൾ തീർപ്പാക്കാൻ അടിയന്തര നടപടികൾ സ്വീകരിക്കേണ്ടതാണ്.

സീനിയർ ഡെപ്യൂട്ടി

ഡയറക്ടർ

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

പത്തനംതിട്ട

# അനുബന്ധം 1

## ഓഡിറ്റ് സർട്ടിഫിക്കറ്റ്

1994ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമത്തിലെ 4-ാം വകുപ്പും, 1994ലെ കേരള പഞ്ചായത്ത് രാജ് നിയമത്തിലെ 215-ാം വകുപ്പ്, ഇവ അനുസരിച്ചും പഞ്ചായത്ത് രാജ് സ്ഥാപനങ്ങളുടെ കണക്കുകളുടെ സാക്ഷ്യപ്പെടുത്തലിനായി കംട്രോളർ ആന്റ് ഓഡിറ്റർ ജനറൽ പുറപ്പെടുവിച്ചിട്ടുള്ള മാർഗ്ഗനിർദ്ദേശങ്ങൾ അവലംബിച്ചും, പത്തനംതിട്ട ജില്ലയിലെ പറക്കോട് ബ്ലോക്ക് പഞ്ചായത്തിന്റെ 2015-16 വർഷത്തെ വാർഷിക ധനകാര്യ പത്രിക പരിശോധിച്ചതായി ഞാൻ സാക്ഷ്യപ്പെടുത്തുന്നു.

എന്റെ റിപ്പോർട്ടിൽ ചൂണ്ടിക്കാണിച്ചിരിക്കുന്ന പരാമർശങ്ങൾ ഒഴികെ എന്റെ അഭിപ്രായത്തിൽ പറക്കോട് ബ്ലോക്ക് പഞ്ചായത്തിന്റെ 2015-16ലെ വാർഷിക ധനകാര്യ പത്രിക, വരവ് ചെലവ് കണക്കുകളെ ശരിയായ രീതിയിൽ അവതരിപ്പിക്കുന്നു എന്ന് സാക്ഷ്യപ്പെടുത്തുന്നു.

സീനിയർ ഡെപ്യൂട്ടി ഡയറക്ടർ

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

പത്തനംതിട്ട

No.K.S.A.PTA.P13/215/17 Dated 15/04/2017

**AUDIT CERTIFICATE**

Certified that I have examined the Annual Financial Statement of **Parakode Block Panchayat** in Pathanamthitta district for the year ended on 31.03.2016 in accordance with section 4 of the Kerala Local Fund Audit Act 1994, Section 215 of the Kerala Panchayat Raj Act 1994, the rules made there under the guidelines isssued by the Comptroller and Auditor General of India for the purpose of certification of accounts of Panchayat Raj Institutions.

In my opinion, the Financial Statements of **Parakode Block Panchayat** for the year 2015-16 except the obeservations in my report properly presents the picture of income and expenditure.

Senior

Deputy Director

Kerala State Audit Department

Pathanamthitta